കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വേലൂർ ഗ്രാമപഞ്ചായത്ത്

2017-18

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എടി.എസ്.ആർ(പി6)51/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ – 6800020
ഫോൺ : 0487-2331249
ഇ-മെയിൽ :dotsr.ksad@kerala.gov.in
തീയതി: 17.01.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)

വേലൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വേലൂർ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ്നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വേലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ 3-7,3-8,3-9,3-14,3-15 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.ടി.എസ്.ആർ(പി6)51/2019 തിയ്യതി : 17.01.2019

# തൃശ്ശൂർ ജില്ലയിലെ വേലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വേലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 09.09.2017 മുതൽ 21-11-2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 31.3.18 വരെയുള്ള വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 27 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. സൈമൺ. കെ.<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.11.2018 മുതൽ 30-11-2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സതീശൻ .എൻ | ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) |
| | ശ്രീമതി. സുധ. ഇ. എൻ. | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ഷാജിത. കെ.എം | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ജീജോ ജോബ് | ഓഡിറ്റർ |
| | ശ്രീമതി. രേഖ. ഇ.സി | ഓഡിറ്റർ |

നിർവ്വഹണ അധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ഷേർലി ദിലീപ് കുമാർ | 01.04.17മുതൽ 31.03.18 വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീമതി. ശ്രീകല. വി.ജി | 01.04.17മുതൽ 31.03.18 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.എഞ്ചിനീയർ | ശ്രീമതി. ലീസാ. വി.എ | 01.04.17മുതൽ 31.03.18 വരെ |
| കൃഷി ഓഫീസർ | ശ്രീ. മനോജ്. എ.എൻ | 01.04.17മുതൽ 31.03.18 വരെ |
| വി.ഇ.ഒ | ശ്രീ. സജിത് തോമസ്(തയ്യൂർ സർക്കിൾ) | 01.04.17മുതൽ 04.07.17 വരെ |
| | ശ്രീ.ഹരി.(തയ്യൂർ സർക്കിൾ-ഇൻചാർജ് )-വി.ഇ.ഒ -ചൊവ്വന്നൂർ ഗ്രാമപഞ്ചായത്ത് | 05.07.17മുതൽ 24.07.17 വരെ |
| | ശ്രീമതി. ഇന്ദു. എം. എസ്(വേലൂർ സർക്കിൾ) | 01.04.17മുതൽ 22.12.17 വരെ |
| | ശ്രീമതി. രശ്മി. പി. സി.(തയ്യൂർ സർക്കിൾ) & വേലൂർ സർക്കിൾ അധികച്ചുമതല ഉൾപ്പെടെ (23.12.17 മുതൽ 31.3.18 വരെ) | 25.07.17മുതൽ 31.03.18 വരെ |
| വെറ്ററിനറി സർജൻ | ഡോ. ഷിബുകുമാർ | 01.04.17 തൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി/സി.എച്ച്.സി) | ഡോ. സ്മിത കൊച്ചുമോൻ | 01.04.17മുതൽ 31.03.18 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. പുഷ്പ. ഇ | 01.04.17മുതൽ 07.12.17 വരെ |
| | ശ്രീമതി. ലിപ്സി | 08.12.17മുതൽ 17.12.17 വരെ |
| | ശ്രീമതി. സിനു. വി.സി | 18.12.17മുതൽ 31.03.18 വരെ |
| അസി, സെക്രട്ടറി | ശ്രീമതി. മിനി. വി | 01.04.17മുതൽ 31.03.18 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. ജിഷ | 01.04.17മുതൽ 31.03.18 വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | ബജറ്റ് രൂപീകരണത്തിലെ അപാകതകൾ | 2-1 |
| 14 | പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ് വന്നത് ഓഡിറ്റ് പരാമർശത്തെ തുടർന്ന് അടവാക്കി. | 2-2 |
| 15 | കെട്ടിടനിർമ്മാണ അനുമതി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണം | 2-3 |
| 16 | ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകിയത് സംബന്ധിച്ച്. | 2-4 |

| | | |
|---|---|---|
| 17 | ഇ-ടെണ്ടർ - ടെണ്ടർ ഫോംവില പഞ്ചായത്ത് ഫണ്ടിൽ വരവ് വെയ്ക്കേണ്ടതാണ്. | 2-5 |
| | ഭാഗം 3 | |
| 18 | വിവിധ കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ - അപാകതകൾ | 3-1 |
| 19 | ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റിയും പദ്ധതി നിർവ്വഹണവും | 3-2 |
| 20 | പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യമിട്ടുള്ള പ്രൊജക്ടുകൾ ഏറ്റെടുക്കുന്നതിലും നടപ്പാക്കുന്നതിലും കാര്യക്ഷമതയില്ല. | 3-3 |
| 21 | കാർഷികമേഖല—നവീന രീതിയിലുള്ള പ്രൊജക്ടുകൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നില്ല | 3-4 |
| 22 | തരിശു നെൽകൃഷി - പ്രോത്സാഹിപ്പിക്കാനുള്ള പ്രൊജക്ടുകൾ ഏറ്റെടുക്കേണ്ടതാണ്. | 3-5 |
| 23 | വനിതകൾക്ക് പശു വിതരണം-ജനറൽ ,എസ്.സി വിഭാഗങ്ങൾക്ക് വ്യത്യസ്ത നിരക്ക് അനുവദിച്ചു. | 3-6 |
| 24 | ഭിന്നശേഷിക്കാർക്ക് മുച്ചക്രവാഹനം നൽകൽ-നാളിതുവരെ 2 വാഹനം വിതരണം ചെയ്തിട്ടില്ല. | 3-7 |
| 25 | തെരുവുവിളക്ക് പരിപാലനം.എ.എം.സി സംബന്ധിച്ച് | 3-8 |
| 26 | ടാങ്കർ ലോറി കുടിവെള്ള വിതരണം-അടങ്കൽ തുക പരിമിതമായി കണക്കാക്കിയതിനാൽ ഇ ടെണ്ടർ നടപ്പാക്കിയില്ല. | 3-9 |
| 27 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 3-10 |

| | | |
|---|---|---|
| 28 | കരാറിലേർപ്പെടാതെ തുക ഡെപ്പോസിറ്റ് ചെയ്തു | 3-11 |
| 29 | സമഗ്ര ആരോഗ്യവികസനം പദ്ധതിയിൽ ഡി.&ഒ പരിശോധനയ്ക്ക് തുക അനുവദിച്ചു | 3-12 |
| 30 | ട്യൂബ് സെറ്റുകൾ വാങ്ങി ഫിറ്റ്ചെയ്യൽ- മതിയായ രേഖകളില്ലാതെ തുക അനുവദിച്ചു | 3-13 |
| 31 | എൽ.ഇ.ഡി വാങ്ങൽ-ടെണ്ടർ നിരക്കിനേക്കാൾ അധിക തുക അനുവദിച്ചു-ഗ്രാമപഞ്ചായത്തിന് നഷ്ടം 85581/- രൂപ | 3-14 |
| 32 | ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് തുക കൈമാറിയത് - ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചതിന്റെ വിവരങ്ങൾ ലഭ്യമായില്ല. | 3-15 |
| 33 | ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ പ്രവൃത്തികൾ. വിശദാംശങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. | 3-16 |
| 34 | പാത്രമംഗലം തോന്നല്ലൂർ കുടിവെള്ള പദ്ധതി - പൂർത്തിയായിട്ടില്ല. | 3-17 |
| 35 | വിവിധ കുടിവെള്ള പദ്ധതികളുടെ ഇലക്ട്രിക്കൽ വർക്കുകൾ -പൂർത്തീകരിച്ച കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികളെ ഏൽപ്പിച്ചിട്ടില്ല. | 3-18 |
| 36 | മരാമത്ത് പ്രവൃത്തികൾ - നടപടിക്രമങ്ങളിലെ അപാകതകൾ. | 3-19 |
| 37 | ആസ്തി രജിസ്റ്ററിലെ വിവരണങ്ങളിൽ കൃത്യതയില്ല | 3-20 |
| 38 | ഭാഗികമായി റോഡ് പ്രവൃത്തികൾ ആസൂത്രണം ചെയ്യുന്നു | 3-21 |
| 39 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവലോകനം | 3-22 |

| | | |
|---|---|---|
| | ഭാഗം 4 | |
| 40 | സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 41 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 42 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 43 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 44 | സ്ഥിര നിക്ഷേപം | 4-5 |
| 45 | ഓഡിറ്റ് റിക്കവറി | 4-6 |
| 46 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 47 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 48 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 49 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 50 | അനുബന്ധം 1 – ഓഡിറ്റ് സർട്ടിഫിക്കറ്റ് | |
| 51 | അനുബന്ധം 2 – റസീറ്റ് & പേയ്മെന്റ് പത്രിക, ഇൻകം &എക്സ്പെൻഡിച്ചർ പത്രിക,ബാലൻസ് ഷീറ്റ് ) | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

31-03-2017 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 26-03-2018 ലെ 1(2) തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ആയതു പ്രകാരം പ്രതീക്ഷിത വരവ് 1,65,85,500/- രൂപയും പ്രതീക്ഷിത ചെലവ് – 14,21,50,000/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട | ലഭിച്ച തീയതി | അപാകത | അപാകത |
|---|---|---|---|

| തീയതി | | പരിഹരിക്കാൻ തിരിച്ചയച്ച തീയതി | പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 13.6.18 | - | - |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 20-06-2018 മുതൽ 21-06-2018 വരെ | കെ.എസ്.എ ടി.എസ്.ആർ(ഇ3)1150/18(81) തീയതി 12-07-2018. |

## 1-4 സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 7696370.71 |
| വരവ് | 75429312 |
| ആകെ | 83125662.71 |
| ചെലവ് | 77963728 |
| നീക്കിയിരിപ്പ് | 5161934.71 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 13376000 | 13376000 | 13116289 | 259711 |
| വികസന ഫണ്ട്-എസ്.സി.പി(ACR പ്രകാരം) | 0 | 8060075 | 8060075 | 7979360 | 80715 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 18000 | 18000 | 0 | 18000 |
| മെയിന്റനൻസ് ഫണ്ട്, റോഡ് (ACR പ്രകാരം) | 0 | 16278000 | 16278000 | 16278000 | 0 |
| മെയിന്റനൻസ് ഫണ്ട്, നോൺ-റോഡ് (ACR പ്രകാരം) | 0 | 2967000 | 2967000 | 2967000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 6281793 | 6281793 | 6281793 | 0 |
| കെ.എൽ.എസ്.ജി.ഡി.പി | 0 | 833729 | 833729 | 816376 | 17353 |

| | | | | | | |
|---|---|---|---|---|---|---|
| (ACR പ്രകാരം) – state Central | | 0 | 408254 | 408254 | 332765 | 75489 |
| സാക്ഷരത | | 9934 | 447 | 10381 | 0 | 10381 |
| ദുരിതാശ്വാസനിധി | | 15217 | 685 | 15902 | 0 | 15902 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 7637580 | 7637580 | 7637580 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 5721 | 1062354 | 1068075 | 1062587 | 5488 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ– (ഐ.സി.ഡി.എസ്) | | 365061 | 511030 | 876091 | 0 | 876091 |
| Betty bachavo, bhetty padavo | | 0 | 41000 | 41000 | 38930 | 2070 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ – മൃഗ സംരക്ഷണ വകുപ്പ് | | 0 | 399777 | 399777 | 399777 | 0 |
| Chaik | | 0 | 4106 | 4106 | 4106 | 0 |
| വിമുക്തി | | 25000 | 12500 | 37500 | 25000 | 12500 |
| ശുചിത്വ മിഷൻ | | 228805 | 297147 | 525952 | 17147 | 408805 |
| ഹരിത കേരളം | | 0 | 25000 | 25000 | 25000 | 0 |
| Literacy Scheme Grant | | 0 | 85347 | 85347 | 85347 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 2050000 | 2050000 | 1944614 | 105386 |
| | ജില്ലാ പഞ്ചായത്ത് | 0 | 980000 | 980000 | 980000 | 0 |
| ബി ഫണ്ട് | | 0 | 50041660 | 50041660 | 50041660 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് (ട്രഷറി) | | 0 | 9202000 | 9202000 | 9202000 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 1585694 | 6896271 | 8481965 | 6667423 | 1814542 |
| | ട്രഷറി അക്കൗണ്ട് | 2859008 | 12642503 | 15501511 | 14541965 | 959546 |
| മറ്റിനം: വേലൂർ സഹകരണ ബാങ്ക് | | 3220776.71 | 9842189 | 13062965.71 | 10748156 | 2314809.71 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 213 | 74857881 | 158 | 52821922 | 55 | - | 74.17 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 5721 | 1062354 | 1068075 | 1062587 | 5488 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 7637580 | 7637580 | 7637580 | 0 |

മേൽ കാണിച്ച വിശദാംശങ്ങൾ വാർഷിക കണക്ക്, ഇൻകം&എക്സ്പെന്റീച്ചർ, ഷെഡ്യൂൾ I-6 പ്രകാരമുള്ള 85,60,000/- എന്ന തുകയുമായി പൊരുത്തപ്പെടുന്നില്ല. തുകകൾ പൊരുത്തപ്പെടാത്തിന് വിശദീകരണം നൽകേണ്ടതാണ്.

## 1-8 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 92880 | 173 |
| കർഷകതൊഴിലാളി പെൻഷൻ | 7862800 | 646 |
| വിധവാപെൻഷൻ | 14255500 | 1253 |
| വാർദ്ധക്യകാലപെൻഷൻ | 21351800 | 1839 |
| വികലാംഗ പെൻഷൻ | 4434500 | 391 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1550300 | 186 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22-11-2018 3.15 P.M ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,24,622/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് പൗരാവകാശ രേഖ കാലികമായി പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചിട്ടില്ല. ലൈഫ് മിഷന് വേണ്ടി ഭവന നിധി രൂപീകരിച്ചിട്ടുണ്ട്. 18-03-2003 ലെ സ.ഉ 92/2003, 2003ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ എല്ലാ ആസ്തികളും അതിൽ ഉണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. കൂടാതെ പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. സ്റ്റോക്ക് ആന്റ് സ്റ്റോഴ്സ് , മറ്റു വിലപ്പെട്ട രേഖകൾ എന്നിവക്ക് ഇൻഷൂറൻസ് പരിരക്ഷ ഉണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങളുടെ മൂല്യം രേഖപ്പെടുത്തി സെക്രട്ടറി ഒപ്പു വെച്ച് ആധികാരികമാക്കുന്നില്ല. പല പദ്ധതികളിലും പർച്ചേയ്സ് ഓർഡർ, കരാറുകൾ, വർക്ക് ഓർഡർ എന്നിവ ചമച്ചുകാണുന്നില്ല. നിർവ്വഹണോദ്യോഗസ്ഥരിൽ പലരും പ്രോജക്ട് ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല. പല പ്രോജക്ട് ഫയലുകളിലും ആവശ്യം വേണ്ട

സാക്ഷ്യപത്രങ്ങൾ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്താക്കളുമായുള്ള കരാറിന് പകരം വെറും ഒപ്പിട്ട മുദ്രപത്രങ്ങൾ മാത്രമാണ് കാണുന്നത്. പെൻഷൻ അപേക്ഷ രജിസ്റ്ററുകളിൽ അപേക്ഷ തീർപ്പാക്കിയതു സംബന്ധിച്ച വിവരങ്ങളും , കൂടാതെ എല്ലാ ഡി. ആന്റ് ഒ ലൈസൻസിനുള്ള അപേക്ഷകളിലും പഞ്ചായത്തു സെക്രട്ടറിയുടെ തീരുമാനം രേഖപ്പെടുത്തിക്കൊണ്ടുള്ള സാക്ഷ്യപ്പെടുത്തലും ഇല്ല.

പ്രതിമാസം സ്റ്റാഫ് മീറ്റിംഗ് വിളിച്ചു ചേർക്കുന്നുണ്ടെങ്കിലും ഓഫീസ് തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടോ എന്ന് മേലുദ്യോഗസ്ഥരും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പരിശോധിച്ച് ഉറപ്പു വരുത്തുന്നില്ല. ജീവനക്കാരുടെ ചുമതലകൾ വ്യക്തമാക്കുന്ന ഓഫീസ് ഉത്തരവ് സെക്രട്ടറി പുറപ്പെടുവിക്കുന്നുണ്ട്. ജീവനക്കാർ പേഴ്സണൽ രജിസ്ററർ, റണ്ണിംഗ് നോട്ട് എന്നിവ എഴുതി സൂക്ഷിക്കുന്നില്ല.

ഫ്രണ്ട് ഓഫിസ് ഡയറി "സൂചിക"യിൽ നിന്നും പ്രിന്റ് ഔട്ട് എടുത്തിട്ടുള്ളതല്ല. ഫ്രണ്ട് ഓഫിസ് ഡയറിയിൽ , അപേക്ഷകളിൽ സേവനം ലഭ്യമാക്കുന്ന തീയതി, അപേക്ഷകൾ ലഭിക്കുന്ന ദിവസം തന്നെ ചേർക്കുന്നില്ല. സേവനം ലഭ്യമാക്കുമ്പോൾ ഡയറിയിൽ ചേർത്തു നൽകുകയാണ് ചെയ്യുന്നത്. ഫ്രണ്ട് ഓഫീസിൽ ഇരിപ്പിടം, കുടിവെള്ളം എന്നീ സൗകര്യങ്ങൾ ഏർപ്പാടാക്കിയിട്ടുണ്ടെങ്കിലും"ഹെൽപ് ഡെസ്ക്" സംവിധാനം ഇല്ല. ഫ്രണ്ട് ഓഫീസിൽ ടച്ച് സ്ക്രീൻ സ്ഥാപിച്ചിട്ടുണ്ടെങ്കിലും നിലവിൽ പ്രവർത്തന രഹിതമാണ്.

ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് കമ്മിറ്റിയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും കൈക്കൊള്ളേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08-11-2018 | 2018 ഒക്ടോബർ | 22-11-2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08-12-2016 | 2010-11 മുതൽ 2015-16 വരെ | ലഭ്യമായിട്ടില്ല. (അക്കൗണ്ട് ജനറലിന്റെ ഓഡിറ്റിനെ സംബന്ധിച്ച് ലഭ്യമാക്കിയ വിവരത്തിൽ പൊരുത്തക്കേട് കാണുന്ന തിനാൽ മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെവിവരങ്ങളാ ണ് ഉൾപ്പെടുത്തിയിരിക്കുന്നത്.) |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

1)ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11 ൽ രേഖപ്പെടുത്തിയിരിയ്ക്കുന്ന സ്ഥിരാസ്തികളുടെ മൂല്യം പരിശോധിക്കുന്നതിനാവശ്യമായ രേഖപ്പെടുത്തൽ നടത്തിയിട്ടുള്ള ആസ്തിരജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11ലെ ₹48872571/-യുടെ രേഖപ്പെടുത്തലിന്റെ കൃത്യത പരിശോധിക്കുന്നതിനായില്ല.

2)ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11(a) ൽ ക്യാപ്പിറ്റൽ വർക്കിംഗ് പ്രോഗ്രസായി ₹39,58,336 രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ഹാജരാക്കിയ പ്രോജക്ട് രജിസ്റ്ററിൽ രേഖപ്പെടുത്തിയ പാർട്ട് ബില്ലുകളുടെ കണക്കുമായി മേൽ പറഞ്ഞ തുക പൊരുത്തപ്പെടുന്നില്ല. പരിശോധനയ്ക്കായി ഹാജരാക്കിയ Capital Work in Progress എന്ന അക്കൗണ്ടിന്റെ പകർപ്പിൽ Closing Balance

ആയി ₹1,34,96,111 എന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത് പൊരുത്തക്കേടുകൾ വിശദീകരിക്കേണ്ടതാണ്.

3)ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-14ൽ 430100103 ശീർഷകത്തിൽ 7,98,761/- രൂപ ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യമായി രേഖപ്പെടുത്തിയിട്ടുണ്ട് എന്നാൽ ആയതിന്റെ ആധികാരികത പരിശോധിക്കുന്നതിനായി ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്റർ കേരള ഫിനാൻഷ്യൽ കോഡ് ഫോം-16 പ്രകാരം നിർദ്ദേശിക്കപ്പെട്ടിട്ടുള്ള രീതിയിൽ എഴുതി തയ്യാറാക്കിയിട്ടുള്ളതല്ല. ആയതിനാൽ മേൽ പറഞ്ഞ രേഖപ്പെടുത്തലിന്റെ ആധികാരികത പരിശോധിക്കുന്നതിനായില്ല. കേരള ഫിനാൻഷ്യൽ കോഡ് ഫോം-16 പ്രകാരം നിർദ്ദേശിക്കപ്പെട്ടിട്ടുള്ള രീതിയിൽ സ്റ്റോക്ക് രജിസ്റ്റർ എഴുതി പരിപാലിക്കേണ്ടതാണ്.

4)കെട്ടിട വാടക കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

2016-17 ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-15 ൽ രേഖപ്പെടുത്തിയിരിയ്ക്കുന്ന, കെട്ടിട വാടകയിനത്തിൽ പിരിച്ചെടുക്കുന്നതിനുള്ള നീക്കിയിരിപ്പ്, ₹7,200/- എന്നതാണ് വാർഷിക കണക്ക് റെസിപ്റ്റ് ആന്റ് പേമെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP- 43 ൽ തൻവർഷത്തെ കെട്ടിട വാടകയിനത്തിലുള്ള വരവ് ഒന്നുംതന്നെ ഇല്ലാത്തതും, തൻവർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-15 ൽ പിരിച്ചെടുക്കുന്നതിനായുള്ള തുക ഒന്നുംതന്നെ രേഖപ്പെടുത്തിയിട്ടില്ലാത്തതുമാണ്. കെട്ടിട വാടക കണക്കുകളിലെ ഈ പൊരുത്തക്കേട് വിശദീകരിക്കേണ്ടതാണ്.

5)വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

വേലൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വസ്തുനികുതി കണക്കുകളും, സഞ്ചയ പ്രകാരമുള്ള D.C.B.യിലെ കണക്കുകളും താഴെ ചേർക്കുന്നു

| വസ്തുനികുതി തൻവർഷം | | | | |
|---|---|---|---|---|
| | ഡിമാന്റ് ഷെഡ്യൂൾ I-1 | കളക്ഷൻ RP-43 | ബാലൻസ് | അഡ്ജസ്റ്റ്മെന്റ് |
| വാർഷിക ധനകാര്യ പത്രിക പ്രകാരം | 44,65,914 | 41,34,949 | 76,074 | - |
| സഞ്ചയ D.C.B പ്രകാരം | 44,02,473 | 41,34,949 | 3,27,687 | 8,024 |
| വസ്തുനികുതി കുടിശിക | | | | |
| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | അഡ്ജസ്റ്റ്മെന്റ് |
| വാർഷിക ധനകാര്യ പത്രിക പ്രകാരം | 19,88,679 | 25,96,716 | 1,64,258 | - |
| സഞ്ചയ D.C.B പ്രകാരം | 25,54,920 | 25,96,716 | 12,042 | - |

ഈ പൊരുത്തക്കേട് വിശദീകരിക്കേണ്ടതാണ്. കൃത്യമായ വിശദീകരണത്തിന്റെ അഭാവത്തിലും *മേൽ വിവരിച്ച കാരണങ്ങളാലും വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം വസ്തുനികുതിയിനത്തിലുള്ള യാതൊരു തുകകളുടെയും കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.*

6)ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ തുകയും, വാർഷികപത്രികയിൽ പറയുന്ന മുന്നിരിപ്പ് - നീക്കിയിരിപ്പ് തുകകളുടെ വ്യത്യാസവും പൊരുത്തപ്പെടുന്നില്ല.

| | |
|---|---|
| Net cash generated Operating Activities, Investing Activities, Financing Activities എന്നിവയുടെ ആകെ തുക | 35,95,390 |
| Net increase/(decrease)in cash and cash equivalents | (-)25,34,416 |

അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല. ആയതിനാൽ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഉറപ്പാക്കുന്നതിനായില്ല.

7)Day Book, Cash Book എന്നിവ ദൈനം ദിനം പ്രിന്റെടുത്ത് സെക്രട്ടറിയും, അക്കൗണ്ടന്റും സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

8)എല്ലാ ജേണൽ വൌച്ചറുകൾക്കും ആധികാരികമായി സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക് ഷീറ്റുകൾ എന്നിവ സൂക്ഷിക്കേണ്ടതാണ്.നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണവും ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്.

9)വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

10)വേലൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ ഗ്രാമ പഞ്ചായത്തിന്റെ പേരിലുള്ള, അക്കൗണ്ട് നമ്പർ3072-ൽ നിന്നും നല്കിയിട്ടുള്ളതും, മൂന്ന് മാസത്തിലധികമായി എൻക്യാഷ് ചെയ്യിട്ടില്ലാത്തതുമായ താഴെ പറയുന്ന ചെക്കുകൾ Liabilities in respect of stale cheque എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ലാത്താണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം-46

| ക്രമ നം | ചെക്ക് നമ്പർ | തിയ്യതി | തുക |
|---|---|---|---|
| 1 | 196386 | 10-11-2017 | 1165 |
| 2 | 196390 | 10-11-2017 | 900 |
| 3 | 198905 | 10-11-2017 | 120 |
| 4 | 198908 | 10-11-2017 | 400 |
| 5 | 196734 | 19-09-2017 | 500 |
| 6 | 195262 | 05-07-2017 | 4750 |
| 7 | 195244 | 12-06-2017 | 310 |
| 8 | 186235 | 22-09-2016 | 250 |
| 9 | 175250 | 28-11-2015 | 500 |
| 10 | 180809 | 06-10-2015 | 720 |
| 11 | 158650 | 17-10-2013 | 1260 |
| 12 | 158236 | 26-07-2013 | 500 |
| 13 | 158249 | 07-08-2013 | 501 |
| 14 | 158558 | 13-01-2014 | 200 |
| 15 | 158486 | 28-02-2014 | 350 |
| 16 | 157323 | 21-03-2013 | 500 |
| 17 | 157111 | 25-04-2013 | 70 |
| 18 | 158221 | 09-07-2013 | 332 |
| 19 | 158105 | 07-08-2013 | 3371 |

| | | | |
|---|---|---|---|
| 20 | 158615 | 13-09-2013 | 750 |
| 21 | 158649 | 17-10-2013 | 500 |
| 22 | ഇല്ല | 02-03-2017 | 30 |
| 23 | ഇല്ല | ഇല്ല | 500 |
| 24 | ഇല്ല | ഇല്ല | 7061 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ് രൂപീകരണത്തിലെ അപാകതകൾ

കേരളപഞ്ചായത്ത് രാജ് നിയമം 162 എ (1) ാം വകുപ്പ് പ്രകാരം ബജറ്റ് രൂപീകരണം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലകളിൽ പെടുന്നു. കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214 ,ഓരോ ഗ്രാമപഞ്ചായത്തും മാർച്ച് മാസം 31 ാം തിയതിക്ക് മുമ്പായി അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് തയ്യാറാക്കണമെന്ന് നിഷ്കർഷിക്കുന്നു. ജി.ഒ.(ആർ.ടി)നം.3291/2016 തിയതി 2.12.2016 പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വൽ പുറപ്പെടുവിച്ചിട്ടുള്ളതാണ്. മാന്വലിന്റെ 2.2,2.3,2.4 എന്നീ ഖണ്ഡികകളിൽ പദ്ധതി-പദ്ധതിയേതര ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കൽ, കരട് ബജറ്റ് രൂപീകരണം എന്നിവ നിർവ്വഹിക്കുന്നതിനുള്ള നടപടിക്രമം വ്യക്തമാക്കിയിട്ടുണ്ട്. ബജറ്റ് രൂപീകരണത്തിന്റെ സമയക്രമം ഖണ്ഡിക 2.5 ലും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ബജറ്റ് രൂപീകരണ രേഖകൾ പരിശോധിച്ചതിൽ ഇപ്രകാരമുള്ള നടപടിക്രമങ്ങളോ സമയക്രമമോ 2017-18 ലെ ബജറ്റ് രൂപീകരണത്തിൽ പാലിച്ചിട്ടില്ല എന്ന് വ്യക്തമായി. മാന്വൽ പ്രകാരമുള്ള നിർദ്ദേശങ്ങളും 2017-18 വർഷത്തെ ബജറ്റ് രൂപീകരണത്തിന് പഞ്ചായത്ത് സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു.

| ക്രമ നം | മാന്വലിലെ നിർദ്ദേശം | പഞ്ചായത്ത് സ്വീകരിച്ച നടപടികൾ | സമയക്രമം |
|---|---|---|---|
| പദ്ധതി നിർദ്ദേശങ്ങൾ | | | |
| 1. | ബജറ്റ് തയ്യാറാക്കുന്നതിന് മുമ്പ് തന്നെ ഓരോ ഗ്രാമപഞ്ചായത്തും വാർഷിക വികസനപദ്ധതി തയ്യാറാക്കേണ്ടതാണ്. | തയ്യാറാക്കിയിട്ടില്ല. | 2017 ഫെബ്രുവരി 28 ന് മുമ്പ് |
| പദ്ധതിയേതര നിർദ്ദേശങ്ങൾ | | | |
| 1. | പഞ്ചായത്ത് സെക്രട്ടറി ഘടകസ്ഥാപനമേധാവികളുടെ യോഗം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വ ത്തിൽ വിളിക്കുകയും സ്ഥാപനങ്ങളുടെ പദ്ധതിയേതരചെലവുകളെ സംബന്ധിച്ച നിർദ്ദേശങ്ങൾ നല്കുവാൻ ആവശ്യപ്പെട്ട് നോട്ടീസ് നൽകുകയും വേണം. | 2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് തയ്യാറാക്കുന്നതിന്റെ ഭാഗമായി നിർവ്വഹണ ഉദ്യോഗസ്ഥരോട് ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ സെക്രട്ടറി എ1/30/2017 നമ്പർ കത്ത് നൽകിയത് 20/02/2018 നാണ്. | 2017 ഡിസംബർ 15 ന് മുമ്പ് |
| 2. | നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഘടകസ്ഥാപനമേധാവികൾക്ക് ഒരു മാസത്തെ സമയം നൽകണം. | മൂന്ന് ദിവസത്തെ സമയമാണ് നൽകിയത്. | |
| 3. | ഘടകസ്ഥാപനമേധാവികൾ അനുബന്ധം 1&2 ൽ പറഞ്ഞിരിക്കുന്ന ഫോർമാറ്റിൽ | സമർപ്പിച്ചിട്ടുണ്ട് | 2017 ജനവരി 15 ന് മുമ്പ് |

| | | | |
|---|---|---|---|
| | വരവ് ചെലവ് നിർദ്ദേശങ്ങൾ സമർപ്പിക്കണം. | | |
| 4. | ഗ്രാമപഞ്ചായത്തിന്റെ നിർദ്ദേശങ്ങൾ സെക്രട്ടറി അനുബന്ധം 3 &4 ൽ പറഞ്ഞിരിക്കുന്ന ഫോർമാററിൽ സമർപ്പിക്കണം | ഓഡിറ്റിന് രേഖകൾ ലഭ്യമാക്കിയിട്ടില്ല | |
| 5. | സെക്രട്ടറി മേൽ നിർദ്ദേശങ്ങൾ തരംതിരിച്ച് അതാത് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് കൈമാറണം | ഓഡിറ്റിന് രേഖകൾ ലഭ്യമാക്കിയിട്ടില്ല | 2017 ഫെബ്രുവരി 1 ന് മുമ്പ് |
| 6. | സ്റ്റാന്റിംഗ് കമ്മിറ്റികൾ മേൽ നിർദ്ദേശങ്ങൾ അനുബന്ധം 5.1,5.2 എന്നീ ഫോർമാറ്റുകളിൽ ക്രോഡീകരിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് കൈമാറണം | ഓഡിറ്റിന് രേഖകൾ ലഭ്യമാക്കിയിട്ടില്ല. വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 27/02/2017 ലെ യോഗത്തിൽ വിട്ടുകിട്ടിയ സ്ഥാപനങ്ങൾ നൽകിയ 2017-18 ലെ ബജറ്റ് പ്രൊപ്പോസലുകൾ വായിച്ചംഗീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. | |
| 7. | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മേൽ നിർദ്ദേശങ്ങൾ പരിഗണിച്ച് അന്തിമ പദ്ധതിയേതരനിർദ്ദേശങ്ങൾ തയ്യാറാക്കണം | ബജറ്റ് തയ്യാറാക്കുന്നതിനായി വിവിധ നിർവ്വഹണോദ്യോഗസ്ഥരിൽ നിന്നും സ്റ്റാന്റിംഗ്കമ്മിറ്റികളിൽ നിന്നും നിർദ്ദേശങ്ങൾ ലഭിച്ചതായോ ആയത് ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ചർച്ച ചെയ്തതായോ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. | 2017 ഫെബ്രുവരി 15 ന് മുമ്പ് |
| 8. | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതി-പദ്ധതിയേതര നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് കരട് ബജറ്റ് രൂപീകരിക്കണം | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 22/03/2017 ലെ 51-ാം നമ്പർ തീരുമാനപ്രകാരം 2017-18 ലെ വാർഷിക ബജറ്റ് അംഗീകരിച്ചു. | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതി-പദ്ധതിയേതര നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് കരട് ബജറ്റ് മാർച്ച് 1 ന് മുമ്പ് രൂപീകരിക്കണം. മാർച്ച് 7 ന് മുമ്പ് ബജറ്റ് ചർച്ച ചെയ്യുന്നതിനായി ഭരണസമിതിയുടെ പ്രത്യേകയോഗം വിളിക്കുകയും മാർച്ച് 31 ന് മുമ്പ് ബജറ്റ് അംഗീകരിക്കുകയും വേണം. |

ബജറ്റ് രൂപീകരണത്തിൽ നടപടിക്രമവും സമയക്രമവും പാലിച്ചിട്ടില്ലെന്ന് മേൽ പട്ടികയിൽ നിന്നും വ്യക്തമാണ്. ബജറ്റിൽ നിർദ്ദേശിക്കാത്ത ഇനത്തിനും ബജറ്റിൽ നിർദ്ദേശിച്ച തുകയിൽ അധികരിച്ചുള്ള ചെലവിനും ഏതെങ്കിലും തരത്തിലുള്ള പരിശോധനസംവിധാനം സ്ഥാപനത്തിൽ ഒരുക്കിയിട്ടുമില്ല. ഇത് ബജറ്റിൽ ഉൾപ്പെടാത്ത ഇനത്തിന് ചെലവുചെയ്യുന്നതിനും വകയിരുത്തിയ തുകയേക്കാൾ ചെലവ് ചെയ്യുന്നതിനും ഇടവരുത്തുന്നു. മാത്രമല്ല നിശ്ചിത രീതിയിൽ ബജറ്റ് തയ്യാറാക്കാത്തത് എല്ലാ സ്രോതസ്സിൽ നിന്നുമുള്ള വരുമാന

സാദ്ധ്യതകൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിൽ വീഴ്ച വരുത്തുന്നതിനും ഘടകസ്ഥാപനങ്ങളുടെ ഓഫീസ് ചെലവുകൾക്ക് തുക വകയിരുത്താതിരിക്കുന്നതിനും ഇടയാക്കുന്നു. ബജറ്റ് മാന്വലിൽ നിർദ്ദേശിച്ച രീതിയിൽ തയ്യാറാക്കുന്നതിലേക്ക് സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-2 പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ് വന്നത് ഓഡിറ്റ് പരാമർശത്തെ തുടർന്ന് അടവാക്കി.

ഗ്രാമപഞ്ചായത്തിലെ വെള്ളാറ്റഞ്ഞൂർ വില്ലേജിലെ സർവ്വേ നമ്പർ 1046/1 , 1046/1 ൽ .0975 ഹെക്ടർ സ്ഥലത്ത് ബഹുവാസഗൃഹം (എ2 കാറ്റഗറി)നിർമ്മിക്കുന്നതിന് ശ്രീ.മുഹമ്മദാലി, മടപ്പാട്ടുപറമ്പിൽ എന്നയാൾക്ക് എ3/7344/16 (169) തീയതി.17/12/2016 പ്രകാരം പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. പെർമിറ്റ് അനുവദിച്ച ആകെ പ്ലിന്ത് ഏരിയ 638.09 ച.മീ.ആണ്. ടി പെർമിറ്റ് പ്രകാരം പണിപൂർത്തീകരിച്ചു. പൂർത്തീകരണ പ്ലാൻ പ്രകാരം 735.76 ച.മീ.ആണ് പൂർത്തീകരിച്ച പ്ലിന്ത് ഏരിയ. അനുമതിയില്ലാതെ പണി പൂർത്തീകരിച്ച 97.72 ച.മീ. ക്രമവത്ക്കരിച്ചിട്ടുണ്ട്. പെർമിറ്റ് ഫീസ് ഈടാക്കിയത് ₹3/ച.മീ. എന്ന നിരക്കിലാണ്. എന്നാൽ മേൽ കെട്ടിടം എ2 കാറ്റഗറിയിൽപ്പെട്ടതായതിനാൽ ₹5/ച.മീ.എന്ന നിരക്കിൽ പെർമിറ്റ് ഫീസ് ഈടാക്കേണ്ടതായിരുന്നു. ടി കെട്ടിടത്തിന് ഈടാക്കേണ്ടിയിരുന്നതും ഈടാക്കിയതുമായ പെർമിറ്റ്ഫീസ് / റഗുലറൈസേഷൻ ഫീസ് വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഫീസ് ഇനം | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | രസീറ്റ് നം & തീയതി | ഈടാക്കിയതിൽ കുറവ് വന്നത് |
|---|---|---|---|---|
| പെർമിറ്റ് ഫീസ് (639 ച.മീ.) | 639x5 =3195 | 639x3=1917 | 11603103592 Dtd.17/12/16 | 1278 |
| റഗുലറൈസേഷൻ ഫീസ് (98 ച.മീ.) | 98X5 = 490<br>490X2= 980<br>1470 | 98X3=294<br>294X2=588<br>882 | 117240105851 Dtd.21/11/17 | 588 |
| ആകെ | | | | 1866 |

ഇത് സംബന്ധിച്ച് 27-11-18ൽ 12/17-18 നമ്പർ ഓഡിറ്റ് അന്വേഷണം നൽകുകയും അപേക്ഷകനിൽ നിന്നും പെർമിറ്റ് ഫീസ് / റഗുലറൈസേഷൻ ഫീസ് ഈടാക്കിയതിൽ കുറവ് വന്ന തുകയായ ₹1866 28/11/2018 ലെ 118240104470 രസീത് പ്രകാരം ഈടാക്കുകയും ചെയ്തു.

## 2-3 കെട്ടിടനിർമ്മാണ അനുമതി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണം

ഗ്രാമപഞ്ചായത്തിലെ കെട്ടിടനിർമ്മാണ അനുമതി രജിസ്റ്റർ പരിശോധിച്ചതിൽ വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല എന്ന് കാണുന്നു. കെട്ടിട നിർമ്മാണ അനുമതി വിവരങ്ങൾ വരെ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തറവിസ്തീർണ്ണാനുപാതം, പെർമിറ്റ് പുതുക്കൽ സംബന്ധിച്ച വിവരങ്ങൾ, വസ്തു നികുതി നിർണ്ണയ നമ്പർ മുതലായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. ഇതിനാൽ പെർമിറ്റിൻമേലുള്ള തുടർനടപടികൾ കൃത്യമായി മനസ്സിലാക്കാൻ സാധിക്കാതെ വരുന്നു. കെട്ടിടനിർമ്മാണ പെർമിറ്റിന്റെ കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിച്ച് വസ്തുനികുതി നിർണ്ണയ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കാത്തവയുടെ പെർമിറ്റ് പുതുക്കിയിട്ടുണ്ടോ എന്നും പഞ്ചായത്തിന് ഉറപ്പ് വരുത്താൻ സാധിക്കുന്നില്ല. നിലവിലുള്ള കെട്ടിടങ്ങൾക്ക് അനുവദിച്ച Addition / Extention പെർമിറ്റ് പ്രകാരം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ എന്നും അതനുസരിച്ച് വസ്തുനികുതി പുനർനിർണ്ണയം നടത്തിയിട്ടുണ്ടോ എന്നുമുള്ള നിരീക്ഷണങ്ങൾ നടത്തുന്നതിന് കെട്ടിടനിർമ്മാണ അനുമതി രജിസ്റ്റർ ഉപയോഗപ്പെടാതെ വരുന്നു. ഇതുകൊണ്ട് തന്നെ പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുകയോ പുതുക്കുകയോ ചെയ്യാത്ത പെർമിറ്റുകൾ നിരീക്ഷണവിധേയമാക്കാനോ അനധികൃത നിർമ്മാണമുണ്ടെങ്കിൽ നടപടികൾ സ്വീകരിക്കാനോ കഴിയുന്നില്ല. നിലവിലുള്ള കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലിനുള്ള പെർമിറ്റുകളുടെ കാര്യത്തിൽ പ്രത്യേകിച്ചും

പൂർത്തീകരണ വിവരം ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടത് കെട്ടിട ഉടമയെ സംബന്ധിച്ച് അത്യാവശ്യമായ കാര്യമല്ലാത്തതിനാൽ പൂർത്തീകരണ പ്ലാൻ സമർപ്പിക്കണമെന്നില്ല. എന്നാൽ സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം പഴയനിരക്കിൽ കണക്കാക്കിയ നികുതിക്ക പകരം കെട്ടിടത്തിന്റെ മുഴുവൻ പുതിയ നിരക്കിൽ നികുതി കണക്കാക്കി ഈടാക്കാനുള്ള സാധ്യതയുണ്ടാകുന്നു. ഇത്തരം കെട്ടിടങ്ങളുടെ കാര്യത്തിൽ പെർമിറ്റ് കാലാവധിക്ക ശേഷം സൈറ്റ് പരിശോധന നടത്തിയാൽ മാത്രമാണ് നിജസ്ഥിതി കണ്ടെത്താനാവുക. കെട്ടിടനിർമ്മാണ രജിസ്റ്ററിലെ മേൽ അപാകതകൾ മൂലം പഞ്ചായത്തിന് പെർമിറ്റ് ഫീസ്, വസ്തുനികുതി എന്നീയിനങ്ങളിൽ വരുമാനനഷ്ടസാധ്യതയുണ്ട്. രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 2-4 ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകിയത് സംബന്ധിച്ച്.

പഞ്ചായത്തിന്റെ 2017-18 ലെ മൃഗസംരക്ഷണവും ക്ഷീരവികസനവും സംബന്ധിച്ച സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഡയറി ഫാം-2, ഗോട്ട് ഫാം-1, ഇറച്ചികോഴി-1 എണ്ണം ഫാമുകൾ പ്രവർത്തിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ സ്ഥാപനങ്ങൾ 2012-ലെ കേരളപഞ്ചായത്ത് രാജ് – ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ ചട്ടങ്ങൾ ചട്ടം (6) പ്രകാരം അപേക്ഷ സമർപ്പിച്ച് ആയതിന് ലൈസൻസ് നൽകിയിട്ടുണ്ടോ എന്ന് 30.11.18 തീയതിയിലെ enquiry -34 പ്രകാരം ആവശ്യപ്പെട്ടിരുന്നു. ആയതിന് കോഴി ഫാം നിലവിലില്ലായെന്നും സ്റ്റാറ്റസ് റിപ്പോർട്ടിൽ പരാമർശിച്ച ആട് ഫാം ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസിന്റെ പരിധിയിൽ വരുന്നില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയത്. ഡയറി ഫാമിനെ സംബന്ധിക്കുന്ന വിവരം ഒന്നും തന്നെ മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ അനധികൃതമായി ഫാമുകൾ പ്രവൃത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതും, 2012 ലെ ലൈവ് സ്റ്റോക്ക് ചട്ടങ്ങൾ പ്രകാരം ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നതിന് സ്ഥാപന ഉടമകൾക്ക് നിർദ്ദേശം നൽകേണ്ടതുമാണ്.

സ്റ്റാറ്റസ് റിപ്പോർട്ടിൽ കൃത്യമായ വിവരങ്ങൾ മാത്രം ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-5 ഇ-ടെണ്ടർ - ടെണ്ടർ ഫോംവില പഞ്ചായത്ത് ഫണ്ടിൽ വരവ് വെയ്ക്കേണ്ടതാണ്.

അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മരാമത്ത് പണികളിൽ ഇ ടെണ്ടർ മുഖേന നടപ്പാക്കിയ പ്രോജക്ടുകളുടെ ടെണ്ടർ ഫോം വില സർക്കാർ ഉത്തരവ് (എം.എസ്) 318/2013ത.സ്വ.ഭ.വ. തീയതി 28-9-2013 പ്രകാരം ജില്ലയിലെ എൽ.എസ്.ജി.ഡി. എക്സി.എഞ്ചിനീയറുടെ പേരിൽ തുടങ്ങിയ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യുന്നത്. 2017-18 സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ 21,100/- രൂപ എൽ.എസ്.ജി.ഡി എക്സി.എഞ്ചിനീയറുടെ പേരിൽ തുടങ്ങിയ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. ടി തുകയും, മുൻ വർഷങ്ങളിൽ ഇപ്രകാരം ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളതിൽ ലഭ്യമാകാൻ ബാക്കി തുകയുണ്ടെങ്കിൽ ആയതും തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വിവിധ കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ - അപാകതകൾ

ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടേയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ, ഗ്രാമ സഭകൾ എന്നിവയുടെയും യോഗങ്ങൾ നിയമത്തിലും, ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം കൂടുന്നുണ്ടെങ്കിലും, സ്ഥാപനത്തിന്റെ വരവ് ചെലവ് കണക്കുകൾ, പദ്ധതിച്ചെലവുകൾ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയുടെ വിലയിരുത്തൽ നടത്തുന്നില്ല. ഗ്രാമ സഭ മിനിറ്റ്സ് ബുക്കുകൾ പലതിലും വാർഡ് മെമ്പർ, ഗ്രാമ സഭ കോ ഓർഡിനേറ്റർ എന്നിവർ ഒപ്പിട്ട് ക്ളോസ് ചെയ്യുന്നില്ല. ഗ്രാമ സഭയിൽ ചർച്ച ചെയ്ത പല വിഷയങ്ങളെ സംബന്ധിച്ചും പാസ്സാക്കിയ പല പ്രമേയങ്ങളും പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്തതായി കാണുന്നില്ല.

എ. ആസൂത്രണ സമിതിയുടെ പ്രവർത്തനങ്ങൾ തൃപ്തികരമല്ല.

ഗ്രാമ പഞ്ചായത്തിൽ രൂപീകരിച്ച ആസൂത്രണ സമിതിയുടെ ആദ്യ യോഗം 28-02-2017 ന് ചേർന്നു. 9-1-2017 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ജി.ഒ.(എം.എസ്) നം. 10/2017/ത.സ്വ.ഭ.വ. ഉത്തരവ് അനുസരിച്ച്, വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണവുമായി ബന്ധപ്പെട്ട വിഷയങ്ങളൊന്നും തന്നെ മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. തുടർന്ന് 22-3-2018 തീയതിയിലും പഞ്ചായത്തിലെ ആസൂത്രണ സമിതി യോഗം നടന്നിട്ടുണ്ട്. പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ മൂന്ന ഘടകങ്ങളേയും ഏകോപിപ്പിക്കുകയാണ് ആസൂത്രണ സമിതിയുടെ പ്രധാന കർത്തവ്യം. വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം ഏകോപിപ്പിക്കേണ്ടതും ആസൂത്രണ സമിതിയാണ്. ഇത്തരത്തിലുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കപ്പെട്ടിട്ടുള്ളതായി യോഗ നടപടികളുടെ മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കുന്നതിനും വികസന രേഖ തയ്യാറാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ (9-1-2017 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ജി.ഒ.(എം.എസ്) നം. 10/2017/ത.സ്വ.ഭ.വ.) പൂർണ്ണമായും പാലിച്ചു കാണുന്നില്ല. സ്റ്റാറ്റസ് റിപ്പോർട്ടുകൾ മേൽ പറഞ്ഞ ഉത്തരവിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ടല്ല തയ്യാറാക്കിയിട്ടുള്ളത്. പരിശോധനക്ക് ലഭ്യമാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടുകൾ ഒന്നുംതന്നെ ഒപ്പ് വെച്ച് സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല.

പ്രദേശത്തിന്റെ വികസനം സംബന്ധിച്ച് ആരോഗ്യകരമായ സംവാദങ്ങൾ പ്രോൽസാഹിപ്പിക്കുക, അധിക വിഭവ സമാഹരണ സാദ്ധ്യതകൾ കണ്ടെത്തുന്നതിന് സഹായിക്കുക, ആസൂത്രണ സമയ വിവര പട്ടിക അനുസരിച്ച് പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിൽ ഏകോപനം ഉറപ്പുവരുത്തുക, വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഭരണ സമിതിയെ സഹായിക്കുക, പദ്ധതി ആസൂത്രണത്തിന് അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിക്ക് റിപ്പോർട്ട് ചെയ്യുക, സ്റ്റേക്ക് ഹോൾഡർമാരുമായുള്ള കൂടിയാലോചന, ബാങ്കുകളും, സഹകരണ സ്ഥാപനങ്ങളുമായുള്ള ചർച്ച എന്നിവക്ക് സഹായം നൽകുക, തദ്ദേശ സ്ഥാപനങ്ങളുടെ പ്രദേശികാസൂത്രണത്തിൽ സഹായിക്കുന്നതിന് വിദഗ്ധർ, സന്നദ്ധ പ്രവർത്തകർ എന്നിവരേയും, അക്കാദമിക് - സാങ്കേതിക സ്ഥാപനങ്ങളേയും കണ്ടെത്തുന്നതിന് സഹായിക്കുക തുടങ്ങിയ ആസൂത്രണ സമിതിയുടെ ചുമതലകൾ കൃത്യമായി പാലിക്കപ്പെട്ടു കാണുന്നില്ല. ആസൂത്രണ സമിതിയുടെ പ്രവർത്തനത്തിലെ പോരായ്മ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനത്തേയും ബാധിച്ചിട്ടുണ്ട്.

ബി. വികസന സെമിനാർ – തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിന്റെ 13-ാം പഞ്ചവൽസര പദ്ധതി 2017-18 വർഷത്തെ കരട് പദ്ധതി രേഖ ചർച്ച ചെയ്ത് നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനായുള്ള ഏകദിന വികസന സെമിനാർ 27-05-2017 ന് നടത്തുകയുണ്ടായി. പ്രസ്തുത സെമിനാറിൽ 165 പേർ പങ്കെടുത്തിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി തയ്യാറാക്കിയ 2017-18 വർഷത്തേക്കുള്ള കരട് പദ്ധതികൾ ചർച്ച ചെയ്ത് നിർദ്ദേശങ്ങൾ ക്രോഡീകരിച്ചതിന്റെ വിവരങ്ങൾ ഒന്നും തന്നെ തീരുമാനമായി രേഖപ്പെടുത്തിയിട്ടില്ല.

സി . വർക്കിംഗ് ഗ്രൂപ്പുകൾ -പ്രവർത്തനം തൃപ്തികരമല്ല

ജി.ഒ.(എം.എസ്) 10/2017/ത.സ്വ.ഭ.വ/9-1-2017 സർക്കാർ ഉത്തരവ് പ്രകാരം ഒരു വർക്കിംഗ് ഗ്രൂപ്പിൽ 10 മുതൽ 15 വരെ അംഗങ്ങൾ ഉണ്ടായിരിക്കണം.ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള 12 വർക്കിംഗ് ഗ്രൂപ്പുകളിലും 17 അംഗങ്ങൾ വീതമുണ്ട്. 17 അംഗങ്ങളും പങ്കെടുത്ത ഒരൊറ്റ വർക്കിംഗ് ഗ്രൂപ്പ് യോഗം പോലും 2017-18 വർഷത്തിൽ നടക്കുകയുണ്ടായിട്ടില്ല. ഓരോ യോഗത്തിലും വിരലിലെണ്ണാവുന്നവർ മാത്രമാണ് പങ്കെടുത്തിട്ടുള്ളത്.പദ്ധതി നിർദ്ദേശങ്ങൾ പല വർക്കിംഗ് ഗ്രൂപ്പിലും ചർച്ച ചെയ്തതായോ, തീരുമാനങ്ങൾ രേഖപ്പെടുത്തിയതായോ കാണുന്നില്ല. ഒരു വർക്കിംഗ് ഗ്രൂപ്പിൽ പോലും വിഷയ വിദഗ്ധനെ ഉപാദ്ധ്യക്ഷനാക്കിയിട്ടില്ല. പല വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സുകളിലും കൺവീനർ, ചെയർമാൻ എന്നിവർ ഒപ്പിട്ട്മിനിറ്റ്സ് ക്ളോസ് ചെയ്തിട്ടില്ല. പദ്ധതികളുടെ മോണിറ്ററിംഗ് ഇതേ വർക്കിംഗ് ഗ്രൂപ്പ് തന്നെയാണ് നടത്തേണ്ടത്എന്നിരിക്കെ മിനിറ്റ്സിൽ ഒന്നിലും പദ്ധതി നിർവ്വഹണമോ ഫലപ്രാപ്തിയോ വിലയിരുത്തിയിട്ടില്ല.. പഞ്ചായത്തിലെ പല പദ്ധതികളും മോണിറ്ററിംഗ് നടത്തിയതായി രേഖയില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ മേൽനോട്ടംവഹിക്കേണ്ട സ്റ്റാന്റിംഗ് കമ്മറ്റികളുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 3-2 ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ്കമ്മറ്റിയും പദ്ധതി നിർവ്വഹണവും

സർക്കാർ നൽകിയിട്ടുള്ള പൊതു മാർഗ്ഗനിർദ്ദേശങ്ങളും ജില്ലാ പദ്ധതിക്ക് അനുസൃതമായി ജില്ലാ ആസൂത്രണസമിതി നൽകിയിട്ടുള്ള നിർദ്ദേശങ്ങളും പരിഗണിച്ച് അവസ്ഥാരേഖയെ അടിസ്ഥാനമാക്കി പ്രൊജക്ടുകൾ തയ്യാറാക്കുന്നതിനാവശ്യമായ ഉപദേശങ്ങൾ സ്റ്റാൻഡിംഗ് കമ്മറ്റികൾക്ക് നൽകുന്നതും ഗ്രാമസഭായോഗത്തിൽ ചർച്ചക്ക് നൽകേണ്ട പ്രൊജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് സ്റ്റാൻഡിംഗ് കമ്മറ്റികളെ സഹായിക്കുന്നതും വർക്കിംഗ് ഗ്രൂപ്പ് ആണ്.പൊതുജനാരോഗ്യം, ശുചിത്വം ,മാലിന്യസംസ്കരണവും, വിദ്യാഭ്യാസം,കലയും സംസ്കാരവും, യുവജനക്ഷേമവും എന്നീ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തി, വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് തയ്യാറാക്കുന്ന പ്രൊജക്ടുകൾ അംഗീകരിക്കേണ്ടതും ആയത് ഭരണസമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മററിയുടെ ചുമതലയിൽപ്പെടുന്നു.

വേലൂർ ഗ്രാമപഞ്ചായത്തിന്റെ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ്കമ്മറ്റിയുടെ അധികാരപരിധിയിൽ താഴെ പറയുന്ന മേഖലകളുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം സംബന്ധിച്ച അവലോകനം ചുവടെ ചേർക്കുന്നു.

1. സാന്ത്വനപരിചരണ പരിപാടി

2017-18 സാമ്പത്തികവർഷം വർക്കിംഗ് ഗ്രൂപ്പിൽ നിന്നും ഉയർന്നു വന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മുൻവർഷത്തേക്കാൾ അധികതുക മേൽ പ്രൊജക്ടിനായി വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്.പെയിൻ & പാലിയേറ്റിവ് മാനേജ്മെന്റ് കമ്മിറ്റി, പെയിൻ & പാലിയേറ്റിവ് ഇംപ്ലിമെന്റേഷൻ കമ്മിററി എന്നിവയുടെ പ്രവർത്തനം ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ്കമ്മറ്റി വിലയിരുത്തിയതായി കാണുന്നില്ല.

2.മാലിന്യ സംസ്കരണം- .ജൈവ അജൈവ മാലിന്യങ്ങളുടെ അളവ്,ഉറവിടങ്ങൾ,നിർമ്മാർജ്ജന സാധ്യതകൾ എന്നിവയെപറ്റി ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ ചർച്ച നടത്തിയിട്ടില്ല.ഗ്രാമപഞ്ചായത്തിന് മാലിന്യസംസ്കരണ പ്ലാന്റ് നിലവിലില്ല. 2017-18 സാമ്പത്തികവർഷം പോർട്ടബിൾ ബയോ ബിൻ എന്ന പ്രൊജക്ട് തയ്യാറാക്കിയെങ്കിലും ഗുണഭോക്താക്കളെ കണ്ടെത്താൻ സാധിക്കാത്തതിനാൽ 20.2.18 ലെ തീരുമാനം 1(1) പ്രകാരം പ്രൊജക്ട് കാൻസൽ ചെയ്തു തുക മറ്റു പ്രൊജക്ടുകളിലേക്ക് വകമാറ്റി. 2018-19 സാമ്പത്തികവർഷം മാലിന്യസംസ്കരണം ലക്ഷ്യമിട്ട് പ്രൊജക്ടുകൾ തയ്യാറാക്കിയതായി എക്സിറ്റ് യോഗത്തിൽ അറിയിച്ചിട്ടുണ്ട്.

3.വിദ്യാഭ്യാസ സ്ഥാപനങ്ങൾ

വിദ്യാഭ്യാസം, കലയും സംസ്കാരവും, യുവജനകാര്യവും സ്റ്റാറ്റസ് റിപ്പോർട്ടിലെ രേഖപ്പെടുത്തൽ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് ആർ.എസ്.ആർ.വി ഹൈസ്കൂൾ, വേലൂർ, ഗവൺമെന്റ് ഹൈസ്കൂൾ, തയ്യൂർ എന്നീ രണ്ട് സർക്കാർ സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച വിവരം മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഇവ ജില്ലാ പഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടുന്ന സ്കൂളുകളാണ്. ഗ്രാമപഞ്ചായത്തിന്റെ തൊഴിൽനികുതി രജിസ്റ്റർ പരിശോധിച്ചതിൽ പി.എം.എൽ.പി സ്കൂൾ, കിരാലൂർ, ആർ.എം.എൽ.പി.എസ് സ്കൂൾ, വേലൂർ തുടങ്ങിയ 6 ഓളം സർക്കാർ, എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന സ്കൂളുകളിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ട്. ഇപ്രകാരമുള്ള സ്കൂളുകളുടെ അടിസ്ഥാനസൗകര്യവികസനങ്ങളുടെ വിശദാംശം സ്റ്റാറ്റസ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടില്ല.

ആയതിനാൽ തന്നെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുതകും വിധം പ്രൊജക്ടുകൾ ഏറ്റെടുത്തതായി കാണുന്നില്ല. വികസനഫണ്ടിൽ നിന്നും നിർബന്ധിത വകയിരുത്തലിന്റെ ഭാഗമായി എസ്.എസ്.എ യ്ക്ക് വർഷാവർഷം തുക അനുവദിച്ചിരിക്കുന്നുണ്ടെങ്കിലും വേലൂർ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ എസ്.എസ്.എ നടപ്പാക്കിയ പ്രൊജക്ടുകളെ കുറിച്ച് യാതൊരു ചർച്ചകളും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി നടത്തിയതായി കാണുന്നില്ല.

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 16.9.17 ലെ യോഗത്തിൽ വേലൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന കിരാലൂരിൽ പ്രവർത്തിക്കുന്ന പി.എം.എൽ.പി.എസ് സർക്കാർ ഏറ്റെടുത്ത സാഹചര്യത്തിൽ ടി സ്കൂളിന്റെ അടിസ്ഥാന സൗകര്യ വികസനങ്ങൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ കത്ത് ചർച്ച ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ വിഷയത്തിൽ യാതൊരു

തുടർനടപടികളും സ്ഥാപനം സ്വീകരിച്ചതായി രേഖപ്പെടുത്തലുകളില്ല. സർക്കാർ സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം കുട്ടികളുടെ കൊഴിഞ്ഞുപോക്കിനു കാരണമാകുന്നതൊടൊപ്പം വിദ്യഭ്യാസനിലവാരം താഴ്ന്നതിനും ഇടയാക്കും എന്ന വിവരം അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-3 പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യമിട്ടുള്ള പ്രൊജക്ടുകൾ ഏറ്റെടുക്കുന്നതിലും നടപ്പാക്കുന്നതിലും കാര്യക്ഷമതയില്ല.

പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിലേക്ക് തയ്യാറാക്കിയ പ്രാദേശിക സാമ്പത്തികവികസനം (ചെറുകിട വ്യവസായം,സൂക്ഷ്മസംരംഭങ്ങൾ ഉൾപ്പെടെ) സഹകരണം സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പ്രാദേശിക ഉൽപ്പന്നങ്ങളുടെ വിപണി വർദ്ധിപ്പിച്ച് പ്രാദേശിക സാമ്പത്തികഭദ്രത ഉറപ്പുവരുത്തുക എന്നതാണ് ലക്ഷ്യം.2017-18 ലെ പ്രൊജക്ട് ആശയം തേൻ ഉൽപ്പാദനം പൂജ്യത്തിൽ നിന്ന് 500 ലിറ്ററായി വർദ്ധിപ്പിക്കൽ എന്നതാണ്.

വർക്കിംഗ് ഗ്രൂപ്പിന്റെ 6.3.17,6.5.17 തീയതികളിൽ നടന്ന യോഗങ്ങളിൽ 2017-18 സാമ്പത്തികവർഷത്തേക്കുള്ള പ്രൊജക്ട് നിർദ്ദേശങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്.ഈ രണ്ടു യോഗങ്ങളിലും അംഗങ്ങൾ മുന്നോട്ട് വെച്ച പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

1.തയ്യൽ പരിശീലനം കഴിഞ്ഞവരെ ഉൾപ്പെടുത്തി യൂണിറ്റ് ആരംഭിക്കുക.

2.ഭിന്നശേഷിക്കാരെ ഉൾപ്പെടുത്തി മെഴുകുതിരി നിർമ്മാണം, സോപ്പ്, ചന്ദനത്തിരി നിർമ്മാണം തുടങ്ങിയവയിൽ ട്രെയിനിംഗ് നൽകി യൂണിറ്റ് ആരംഭിക്കുക.

3.എൽ.ഇ.ഡി ബൾബ് യൂണിറ്റ് നിർമ്മാണത്തിന് കൂടുതൽ ഫണ്ട് അനുവദിക്കുക.

4.9ാം വാർഡിൽ സ്ഥിതി ചെയ്യുന്ന വ്യവസായകേന്ദ്രത്തിൽ കുടുംബശ്രീമുഖാന്തിരം പേപ്പർ ഗ്ലാസ്,പേപ്പർപ്ലേറ്റ് നിർമ്മാണ പരിശീലനം നൽകുക.

എന്നാൽ പ്രാദേശിക സാമ്പത്തിക വികസനത്തിനുതകുമായിരുന്ന ഈ നിർദ്ദേശങ്ങൾ ഒന്നും തന്നെ 2017-18 ൽ പ്രൊജക്ടുകളായി ഏറ്റെടുത്തിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പിലെ യോഗങ്ങളിൽ ചർച്ച ചെയ്ത നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്തിന്റെ പ്രാദേശികസാമ്പത്തിക വളർച്ചയെ ത്വരിതപ്പെടുത്താൻ സഹായകരമായ വിധത്തിലുള്ളതായിട്ടും പ്രസ്തുത നിർദ്ദേശങ്ങൾ പരിഗണിക്കാതിരുന്നത് പ്രൊജക്ട് രൂപീകരണത്തിൽ വന്ന അപാകതയായി ഓഡിറ്റ് വിലയിരുത്തുന്നു. ആരോഗ്യവിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 9.3.18 ലെ യോഗത്തിൽ കടകളിൽ പ്ലാസ്റ്റിക് ക്യാരി ബാഗ് ഉപയോഗം കുറയ്ക്കുന്നതിനായി വനിതകൾക്ക് കടലാസ് ക്യാരി ബാഗ് നിർമ്മിക്കുന്നതിന് പരിശീലനം നൽകുന്ന ചെറുകിട വ്യവസായ സംരംഭം പ്രാദേശിക സാമ്പത്തിക വികസനം എന്ന വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുത്തുന്നതിന് പഞ്ചായത്ത് കമ്മിറ്റിയിൽ ആവശ്യപ്പെടാൻ യോഗം തീരുമാനിച്ചിട്ടുണ്ട്. 2018-19 സാമ്പത്തികവർഷത്തേക്കുള്ള ഈ നിർദ്ദേശം നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 കാർഷികമേഖല—നവീന രീതിയിലുള്ള പ്രൊജക്ടുകൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നില്ല

2017-18 സാമ്പത്തികവർഷത്തെ കൃഷി -ചെറുകിട ജലസേചനം സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം നെല്ല്, പച്ചക്കറി, തെങ്ങ്, കവുങ്ങ്, വാഴകൃഷി, തരിശുനെൽകൃഷി എന്നിവയുടെ വികസനമാണ് കാർഷികമേഖലയുടെ വികസനത്തിനും,ഉൽപ്പാദന വർദ്ധനവിനുമുള്ള പ്രൊജക്ട് ആശയങ്ങളായി രേഖപ്പെടുത്തിയിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പുകളിലും ഈ നിർദ്ദേശങ്ങളാണ് യോഗതീരുമാനങ്ങളായി രേഖപ്പെടുത്തിയിട്ടുള്ളത്. ആയതു പ്രകാരം കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി 5 പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. എന്നാൽ സ്റ്റാറ്റസ് റിപ്പോർട്ടിലെ രേഖപ്പെടുത്തൽ പ്രകാരം 2013-14 മുതൽ ഗ്രാമപഞ്ചായത്തിൽ കാർഷികമേഖലയിൽ തുടർച്ചയായി നടപ്പാക്കി വരുന്ന പ്രൊജക്ടുകളാണ് ഇവ. 2017-18 ലെ പ്രൊജക്ടുകൾ താഴെ ചേർക്കുന്നു.

| പ്രൊജക്ട് | വകയിരുത്തിയത് | ചെലവഴിച്ചത് |
|---|---|---|
| സമഗ്രനെൽകൃഷി വികസനം | 2785000 | 2784600 |
| സമഗ്ര പച്ചക്കറികൃഷി വികസനപദ്ധതി | 335000 | 335000 |
| കവുങ്ങ്,കുരുമുളക് ഇരിശ്,കുമ്മായ വിതരണം | 65004 | 32502 |
| വാഴക്ക് ജൈവവളം നൽകൽ | 100000 | 75000 |
| സമഗ്ര തെങ്ങ് കൃഷി വികസനം | 568650 | 443427 |

ജി.ഒ(എം.എസ്) 72/2017 ത.സ്വ.ഭ.വ തിയതി 3.4.17 പദ്ധതി മാർഗ്ഗരേഖ പ്രകാരം ഒരു നിശ്ചിതകാലയളവിനുള്ളിൽ കാർഷിക മേഖല സ്വയംപര്യാപ്തത നേടുക എന്ന ലക്ഷ്യം മുൻനിർത്തിയുള്ളവയായിരിക്കണം കാർഷികമേഖല പ്രൊജക്ടുകൾ. എന്നാൽ ഓരോ വർഷവും ഒരേ തരം പ്രൊജക്ടുകൾ നടപ്പാക്കുന്നതിലൂടെ ഈ ലക്ഷ്യം കൈവരിക്കാനാകുമോ എന്ന വിഷയം പരിശോധിക്കപ്പെടേണ്ടതാണ്.

സബ്സിഡി മാർഗ്ഗരേഖ ജി.ഒ(എം.എസ്) 80/17 .ത.സ്വ.ഭ.വ തിയതി 3.4.17 ൽ കാർഷിക ഉൽപ്പന്നങ്ങൾക്ക് താങ്ങുവില/ഉല്പാദക ബോണസ്, കൃഷിയെ സാരമായി ബാധിക്കുന്ന കീടരോഗങ്ങളുടെ നിയന്ത്രണ പ്രവർത്തനങ്ങൾക്കുള്ള പദ്ധതി, പ്രാദേശിക ഉൽപ്പന്നങ്ങൾക്ക് വിപണന സംവിധാനം, വീടുകൾ ഹരിതഭവനം എന്നിങ്ങനെ വൈവിദ്ധ്യങ്ങളായ പ്രൊജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എന്നാൽ കാർഷികമേഖലയ്ക്ക് കൂടുതൽ പ്രയോജനകരമായ ഇത്തരം പ്രൊജക്ടുകൾ ഒന്നും തന്നെ ഏറ്റെടുക്കാതെ വളം വിതരണം, കൂലിചെലവ് സബ്സിഡി തുടങ്ങിയ പ്രൊജക്ടുകൾ മാത്രമാണ് ഏറ്റെടുത്തിട്ടുള്ളത്.
2017-18-ൽ ഏറ്റെടുക്കാൻ ഹരിതഭവനം പദ്ധതി പ്രൊജക്ടിൽ ഉൾപ്പെടുത്തിയെങ്കിലും ഗുണഭോക്താക്കളില്ലാത്തതിനാൽ ഗ്രാമപഞ്ചായത്തിന്റെ 29.1.18 1(1) തീരുമാനപ്രകാരം പദ്ധതി കാൻസൽ ചെയ്യുകയുണ്ടായി. ഗുണഭോക്താക്കളെ കണ്ടെത്തി വൈവിദ്ധ്യമാർന്ന പ്രൊജക്ടുകൾ ഏറ്റെടുത്ത് പദ്ധതി ലക്ഷ്യം കൈവരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 <u>തരിശു നെൽകൃഷി - പ്രോത്സാഹിപ്പിക്കാനുള്ള പ്രൊജക്ടുകൾ ഏറ്റെടുക്കേണ്ടതാണ്.</u>

കൃഷി അനുബന്ധ മേഖലകൾ സംബന്ധിച്ച സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്തിൽ 55 ഹെക്ടർ തരിശുഭൂമിയുണ്ട്. ആയതിൽ കൃഷിയോഗ്യമായ 30 ഹെക്ടർ ഭൂമിയും,കൃഷിയോഗ്യമല്ലാത്ത 25 ഹെക്ടർ ഭൂമിയും ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തരിശു ഭൂമിയിൽ കൃഷി പ്രോത്സാഹിപ്പിക്കാനുതകുന്ന പ്രൊജക്ടുകളൊന്നും തന്നെ ഏറ്റെടുത്തതായി കാണുന്നില്ല.

420 ഹെക്ടർ നെൽവയലുകളുള്ളതിൽ 300 ഹെക്ടറിൽ മാത്രമാണ് നെൽകൃഷി ചെയ്തുവരുന്നത്. കൃഷിയോഗ്യമാണെങ്കിലും കൃഷി ചെയ്യാത്ത 101 ഹെക്ടർ നെൽവയലും ഉണ്ട്. നെല്ലിന്റെ ഉൽപാദനവർദ്ധനവ് ലക്ഷ്യമിട്ട് മേൽ ഭൂമികളിൽ കൃഷി ഇറക്കാനാവശ്യമായ പ്രോത്സാഹനം കർഷകർക്ക് നൽകേണ്ടതാണ്. ആയതുമായി ബന്ധപ്പെട്ട പ്രൊജക്ട് നിർദ്ദേശങ്ങൾ വർക്കിംഗ് ഗ്രൂപ്പ് തലത്തിലും ഭരണസമിതി തലത്തിലും തയ്യാറാക്കി പ്രൊജക്ട് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 വനിതകൾക്ക് പശു വിതരണം-ജനറൽ ,എസ്.സി വിഭാഗങ്ങൾക്ക് വ്യത്യസ്ത നിരക്ക് അനുവദിച്ചു.

2017-18 സാമ്പത്തികവർഷം വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ വനിതകൾക്ക് പശു വിതരണം-ജനറൽ വിഭാഗത്തിൽ ഒരു ഗുണഭോക്താവിന് 25000/- രൂപ സബ്സിഡിയും 25000/- രൂപ ഗുണഭോക്തൃവിഹിതവുമുൾപ്പെടെ ആകെ 50000/- രൂപയും,വനിതകൾക്ക് പശു വിതരണം എസ്.സി വിഭാഗത്തിൽ 30000/- രൂപ സബ്സിഡിയും 10000/- രൂപ ഗുണഭോക്തൃവിഹിതവുമുൾപ്പെടെ ആകെ 40000/- രൂപയും കണക്കാക്കി പ്രൊജക്ട് തയ്യാറാക്കി നിർവ്വഹണം നടത്തിയിട്ടുണ്ട്.

തൃശ്ശൂർ ജില്ലാ മൃഗസംരക്ഷണ ഓഫീസറുടെ 16.5.17 തീയതിലെ ഉത്തരവ് നമ്പർ ഡി.5916/17/പ്ലാനിംഗ് പ്രകാരം കറവ പശു/എരുമയുടെ യൂണിറ്റ് കോസ്റ്റ് 50000/- രൂപയായി നിശ്ചയിച്ചിട്ടുണ്ട്. വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ അദ്ധ്യക്ഷനായും വെറ്ററിനറി ഡോക്ടർ കൺവീനറായും ഗുണഭോക്താക്കളിൽ നിന്നുള്ള 5 പേർ അംഗങ്ങളായിട്ടുള്ള പർച്ചേസിംഗ് കമ്മിറ്റി രൂപീകരിച്ചാണ് വാങ്ങൽ നടത്തിയിട്ടുള്ളത്.

പ്രൊജക്ട് പരിശോധിച്ചതിൽ കണ്ട പ്രധാനപ്പെട്ട അപാകതകൾ

1. ഒരേ ഇനം പശുക്കൾക്ക് എസ്.സി,ജനറൽ വിഭാഗങ്ങൾക്ക് വ്യത്യസ്ത നിരക്ക് അനുവദിച്ചു

ഒരേ ഉടമസ്ഥരിൽ നിന്നും എസ്.സി.വിഭാഗത്തിന് 40000/- രൂപ വില കണക്കാക്കി വിറ്റ പശുവിന് ജനറൽ വിഭാഗത്തിന് 50000/- രൂപയ്ക്കാണ് വിലയിട്ടിരിക്കുന്നത്.

ഏതാനും ഗുണഭോക്താക്കളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| | എസ്.സി | | | ജനറൽ | | |
|---|---|---|---|---|---|---|
| ഉടമസ്ഥൻ | വാങ്ങിയ ആൾ | പശുവിന്റെ ഇനം /ഇൻഷുറൻസ് പോളിസിയിൽ രേഖപ്പെടുത്തിയത് പ്രകാരം | കൈപ്പറ്റിയ തുക | വാങ്ങിയ ആൾ | പശുവിന്റെ ഇനം /ഇൻഷുറൻസ് പോളിസിയിൽ രേഖപ്പെടുത്തിയത് പ്രകാരം | കൈപ്പറ്റിയ തുക |
| അശോകദാസൻ, മങ്ങാരപുഞ്ചയിൽ | ദേവകി.എ, പാടത്തുവളപ്പിൽ | Bovine CBJ | 40000 | ദീപ, ആനക്കാക്കിൽ | പോളിസി ഹാജരാക്കി യിട്ടില്ല | 50000 |
| അലി.എ.എ, ഐനിക്കുന്നത്ത് | ഉഷ.ടി.എസ്, മേലേപുരയ്ക്കൽ | BOVINE CBHF MILKING | 40000 | അന്നമ്മ, തേർമഠം | പോളിസി ഹാജരാക്കി യിട്ടില്ല | 50000 |
| | രജനി.കെ.എം. മേലേപുരയ്ക്കൽ | BOVINE CBHF MILKING | 40000 | മേരി,പൊറത്തൂർ ഹൗസ് | BOVINECBHF MILKING | 50000 |
| | | | | കോമളം , മനയ്ക്കലാത്ത് , തണ്ടിലം | BOVINECBHF MILKING | 50000 |
| സുബ്രമഹ്ണ്യൻ, കമ്മത്ത് | സുധ,പാണൻവീട് | BOVINE CBHF MILKING | 40000 | സുജാത മോഹൻ, തെക്കേതിൽ | BOVINECBHF MILKING | 50000 |

ഇപ്രകാരം ഒരേ കച്ചവടക്കാരൻ തന്നെ ഒരേ ഇനത്തിന് രണ്ടുതരം വില നിശ്ചയിച്ച് കച്ചവടത്തിന് തയ്യാറായപ്പോൾ എസ്.സി വിഭാഗത്തിന് നൽകുന്ന അതേ വിലയ്ക്ക് ജനറൽ വിഭാഗത്തിനും പശുവിനെ ലഭ്യമാക്കാൻ പർച്ചേസിംഗ് കമ്മിറ്റി ആവശ്യപ്പെടുകയോ വിലയിലുള്ള വൈരുദ്ധ്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയോ ചെയ്തതായി കാണുന്നില്ല.

ജനറൽ വിഭാഗത്തിലെ ഒരു ഗുണഭോക്താവിന് 25000/- രൂപ നിരക്കിൽ 24 ഗുണഭോക്താക്കൾക്ക് സബ്സിഡി

ഇനത്തിൽ 600000/- രൂപ വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ എസ്.സി വിഭാഗക്കാർക്കു നൽകിയ അതേ നിരക്കിൽ പശുവിനെ ലഭിച്ചിരുന്നെങ്കിൽ 20000/- രൂപ നിരക്കിൽ 480000/- രൂപ മാത്രമേ ചെലവാകുമായിരുന്നുള്ളു. ഭരണസമിതിയുടെ കാര്യക്ഷമമായ ഇടപെടൽ ഉണ്ടായിരുന്നുവെങ്കിൽ വികസനഫണ്ടിൽ നിന്നും 120000/- രൂപ ഈയിനത്തിൽ ഗ്രാമപഞ്ചായത്തിന് നഷ്ടപ്പെടില്ലായിരുന്നു.

2. തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2017-18 വാർഷികപദ്ധതി സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ (ജി.ഒ.(എം.എസ്)80/2017 ത.സ്വ.ഭ.വ തിയതി.3.4.17) ഖണ്ഡിക 8.2 ( മൃഗസംരക്ഷണവും ക്ഷീരവികസനവും ) കുറിപ്പ് 7 പ്രകാരം 12-ം പഞ്ചവത്സരപദ്ധതി കാലയളവിൽ ആനുകൂല്യം ലഭിച്ചവർ 13-ാം പഞ്ചവത്സരകാലയളവിലെ ആനുകൂല്യത്തിന് അർഹരല്ല എന്നു വ്യവസ്ഥ ചെയ്തിട്ടുണ്ട്. മുൻവർഷങ്ങളിൽ നടപ്പാക്കിയ പ്രൊജക്ടുകളുടെ ഗുണഭോക്തൃരജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ആയതിനാൽ തന്നെ തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് മുൻവർഷങ്ങളിൽ ആനുകൂല്യം ലഭ്യമായിട്ടുണ്ടോ എന്ന വിഷയം പരിശോധിച്ചതായി നിർവ്വഹണോദ്യാഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3. 2017-18 സാമ്പത്തികവർഷത്തിലെ ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ഗുണഭോക്തൃരജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

ഗുണഭോക്താക്കളെ സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നത് ഭാവിയിൽ അനർഹർ ആനുകൂല്യങ്ങൾ കൈപ്പറ്റുന്നത് ഒഴിവാക്കാൻ സഹായകരമാകുന്നതാണ്.

ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. (ഓഡിറ്റ് എൻക്വയറി നം. 8/24.11.18)

## 3-7 ഭിന്നശേഷിക്കാർക്ക് മുച്ചക്രവാഹനം നൽകൽ-നാളിതുവരെ 2 വാഹനം വിതരണം ചെയ്തിട്ടില്ല.

പ്രൊജക്ട് നം-229/18

ട്രഷറി ബിൽ നം-17/29.3.18 തുക-556000/-

നിർവ്വഹണം-ഐ.സി.ഡി.എസ് സൂപ്പർവൈസർ

വേലൂർ ഗ്രാമപഞ്ചായത്തിലെ ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക ഗ്രാമസഭയും, മുച്ചക്ര വാഹനം നൽകുന്നതിനായി 2 ഡോക്ടർമാരുടെ നേതൃത്വത്തിലുള്ള മെഡിക്കൽ ക്യാമ്പും 8.3.18 ൽ നടത്തുകയും വാഹനം ഓടിക്കാൻ പ്രാപ്തരാണെന്നു കണ്ടെത്തിയ 26 പേരുടെ ലിസ്റ്റ് 15.3.18 ലെ ഭരണസമിതിയുടെ തീരുമാനം 3(1) പ്രകാരം അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ട ആദ്യത്തെ 8 പേർക്ക് മുച്ചക്രവാഹനം നൽകുന്നതിനായി 23.3.18 ലെ 1(2) പ്രകാരം കെൽട്രോണിൽ നിന്നും ഹീറോ പ്ലഷർ 102 സിസി ഒന്നിന് 69500/- രൂപ നിരക്കിൽ 8 എണ്ണം നേരിട്ട് വാങ്ങുന്നതിനും തീരുമാനിച്ചു. വാഹനത്തിന്റെ വിലയായ 556000/- രൂപ കെൽട്രോണിന്റെ 30349023542 നമ്പർ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്. സപ്ലൈ ഓർഡർ പ്രകാരം 8 വാഹനങ്ങളും സ്ഥാപനം വിതരണം ചെയ്തിട്ടുണ്ട്.

എന്നാൽ 27.4.18 ൽ എ6-2570/18 പ്രകാരം കോട്ടയം ആർ.ടി.ഒ ന് നിർവ്വഹണോദ്യാഗസ്ഥ നൽകിയ കത്തിൽ രാമൻ.സി.എൻ (കെ.എൽ-05-AQ-TEMP-7185), സത്യൻ.എ.എ (KL-05-AQ-TEMP-7141) എന്നവർക്ക് വാഹനം ഓടിക്കാൻ തക്ക ശേഷിയില്ലെന്ന് രണ്ടാംഘട്ട പരിശോധനയിൽ വ്യക്തമായതിനാൽ ഇവർക്ക് അനുവദിച്ച താൽക്കാലിക രജിസ്ട്രേഷൻ റദ്ദു ചെയ്ത് നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിന്റെ നടപടികൾ പുരോഗമിച്ചു വരുന്നതായി ഓഡിറ്റ് എൻക്വയറി നമ്പർ 11/27.11.18 നുള്ള മറുപടിയായി നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്.

നിലവിൽ ഗ്രാമപഞ്ചായത്തിലെ അംഗൻവാടി നമ്പർ 85 ൽ 2 വാഹനങ്ങളും സൂക്ഷിച്ചിരിക്കുകയാണ്. ആയത് മുച്ചക്ര വാഹന ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട അർഹരായ ഗുണഭോക്താക്കൾക്ക് അനുവദിക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സാമ്പത്തികവർഷത്തിന്റെ അവസാന മാസം മെഡിക്കൽ ക്യാമ്പ് നടത്തി അർഹരായവരെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുകയും, വാഹനത്തിന് സപ്ലൈ ഓർഡർ നൽകിയതിനു ശേഷം മാത്രം തെരഞ്ഞെടുത്ത

ഗുണഭോക്താക്കൾ അർഹരല്ലാത്തതിനാൽ ലിസ്റ്റിൽ നിന്നു നീക്കം ചെയ്യേണ്ടി വരികയും ചെയ്തതിനാൽ 3/18 ൽ ലഭ്യമായ വാഹനം നാളിതു വരെ ആർക്കും പ്രയോജനപ്പെടാതെ സൂക്ഷിക്കേണ്ട സ്ഥിതിവിശേഷമാണ് ഉണ്ടായിട്ടുള്ളത്. വാഹനം അർഹരായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത് വാഹനത്തിന്റെ രജിസ്ട്രേഷൻ ബുക്ക്, ഗുണഭോക്താക്കളുടെ ലൈസൻസ് എന്നിവ ഹാജരാക്കുന്നതു വരെ 2 വാഹനങ്ങളുടെ വിലയായ 139000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 തെരുവുവിളക്ക് പരിപാലനം.എ.എം.സി സംബന്ധിച്ച്

നിർവ്വഹണം -സെക്രട്ടറി
പ്രൊജക്ട് നം. 4/18 -തെരുവുവിളക്ക് AMC SO
അടങ്കൽ -234451
ചെലവ് – 234451

പ്രൊജക്ട് നം. – 67/18
തെരുവുവിളക്കുകളുടെ AMC
അടങ്കൽ – 800000/-
ചെലവ് – 589570/-
ബിൽ നം. 1/22.06.17 – 191014/-
ബിൽ നം. 4/18.07.17 – 43437/-
ബിൽ നം. 21/27.09.17 – 100000/-
ബിൽ നം. 37/29.01.18 – 341017/-
ബിൽ നം. 52/21.03.18 – 148553/-

2017-18 സാമ്പത്തികവർഷം തെരുവുവിളക്ക് പരിപാലനത്തിനായി സ്പിൽഓവർ ഉൾപ്പെടെ 2 പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. 2016-17 ലെ കരാറുകാരനായ ശ്രീ.ഷൈജു.സി.എഫ്, ചിറ്റിലപ്പിള്ളിക്ക് 2016-17 ലെ ബാക്കി തുക നൽകുന്നതിനായും 2017-18 ൽ പുതിയ പ്രൊജക്ടിനായും തുക വകയിരുത്തിയിട്ടുണ്ട്.

2017-18 സാമ്പത്തികവർഷത്തെ പ്രൊജക്ടിനായി ഇ ടെണ്ടർ ക്ഷണിക്കുകയും സിംഗിൾ ടെണ്ടർ സമർപ്പിച്ച ഷൈജു.സി.എഫ്, ചിറ്റിലപ്പിള്ളിക്ക് 2017-18 ലും കരാർ നൽകിയിട്ടുമുണ്ട്.

1.ഇ ടെണ്ടർ നോട്ടീസ്,റീ. ഇ ടെണ്ടർ നടപ്പാക്കിയതിന്റെ രേഖകൾ, ബിഡ് സബ്മിഷൻ കൺഫർമേഷൻ, ബിഡ് റാങ്ക് രേഖപ്പെടുത്തിയ BOQ summary details എന്നിവ ഹാജരാക്കേണ്ടതാണ്.

2.തെരുവുവിളക്കുകളുടെ ഇനം എണ്ണം എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ആയത് അപൂർണ്ണമാണ്. 2018-19 ൽ പോസ്റ്റ് നമ്പറുകൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇനം രേഖപ്പെടുത്തിയിട്ടില്ല. 2017-18 സാമ്പത്തിക വർഷത്തെ രേഖപ്പെടുത്തലുകൾ പ്രകാരം സിംഗിൾ ട്യൂബ്-738,ഡബിൾട്യൂബ്-114, സി.എഫ്.എൽ-688, ഡബിൾ സി.എഫ്.എൽ-119 ഉൾപ്പെടെ ആകെ 1659 ഇനം തെരുവ് വിളക്കുകളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ എ.എം.സി കരാർ പ്രകാരം കരാറുകാരൻ ഹാജരാക്കിയ കണക്ക പ്രകാരം സിംഗിൾ ട്യൂബ്-1731, ഡബിൾട്യൂബ്-167, സി.എഫ്.എൽ-738, ഡബിൾ സി.എഫ്.എൽ-66ഉൾപ്പെടെ ആകെ 2702 എണ്ണം കണക്കാക്കി ആയതു പ്രകാരമുള്ള തുകയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെ കണക്ക പ്രകാരം എ.എം.സി കണക്കാക്കാതെ കരാറുകാരൻ തയ്യാറാക്കിയ കണക്കിൽ തുക അനുവദിക്കുമ്പോൾ ഓരോ വർഷവും സ്പിൽ ഓവറായി പ്രൊജക്ട് തയ്യാറാക്കേണ്ടി വരുന്നതായി കാണുന്നു.

3.തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് കെ.എസ്.ഇ.ബി യിൽ അടവാക്കുമ്പോൾ കെ.എസ്.ഇ.ബി ലഭ്യമാക്കുന്ന ഇൻവോയ്സ് (ഡിമാന്റ് നോട്ടീസ് ഇനം തിരിച്ച കണക്ക് ) ഹാജരാക്കിയിട്ടില്ല. ആയതിനാൽ തന്നെ കെ.എസ്.ഇ.ബി, ഗ്രാമപഞ്ചായത്ത്, എ.എം.സി എന്നിവിടങ്ങളിൽ തയ്യാറാക്കുന്ന കണക്കുകൾ തമ്മിൽ പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിക്കുന്നില്ല.

4.പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015-ലെ ജി2-44274/2015 നമ്പർ ഉത്തരവ് പ്രകാരം തെരുവ്

വിളക്കുകൾക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുമ്പോൾ ഒരു സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും, കേടായ സാധനങ്ങൾ അതാത് ദിവസം പഞ്ചായത്തിൽ തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും, സാമ്പത്തിക വർഷം അവസാനം ഇപ്രകാരമുള്ള Stock in Register ഉം Stock out Register ഉം റീക്കൺസൈൽ ചെയ്യുന്നുവെന്നും തെരുവു വിളക്കും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതും സംബന്ധിച്ച സ.ഉ.(സാധാ)നം.2134/2015/തസ്വഭവ തീ. 15.05.2015 പ്രകാരമുള്ള കാര്യങ്ങൾ സെക്രട്ടറി ഉറപ്പുവരുത്തേണ്ടതുമാണെന്ന് നിഷ്കർഷിച്ചിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം പാലിച്ചതായി കാണുന്നില്ല.

5.തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 7.11.17 ലെ 177/ഡി.എ3/13 സർക്കുലർ പ്രകാരം തെരുവു വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് എ.എം.സി പ്രകാരം പൂർത്തീകരിച്ച ബിൽ ഹാജരാക്കുന്ന മുറയ്ക്ക് 10% റീടെൻഷൻ പിടിച്ചിട്ടുള്ള തുകയാണ് കരാറുകാരന് നൽകേണ്ടത്. ആയത് പാലിച്ചതായി കാണുന്നില്ല.

6.പരാതി രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ പോസ്ററ് നമ്പർ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പരാതി ലഭിച്ച തിയതി, വാർഡ്, ഏതു സ്ഥലം, പോസ്റ്റ് നമ്പർ, പരാതി പരിഹരിച്ച തിയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

മേൽപറഞ്ഞവയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.15/*28.11.18 ന്* മറുപടി ലഭ്യമാക്കിയില്ല. തൃപ്തികരമായ വിശദീകരണത്തോടൊപ്പം രേഖകൾ ഹാജരാക്കുന്നതു വരെ ചെലവു തുക 589570+234451=824021/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-9 ടാങ്കർ ലോറി കുടിവെള്ള വിതരണം-അടങ്കൽ തുക പരിമിതമായി കണക്കാക്കിയതിനാൽ ഇ ടെണ്ടർ നടപ്പാക്കിയില്ല.

പ്രൊജക്ട് നം-191/18 അടങ്കൽ-വികസനഫണ്ട്-585350/-

തനത്ഫണ്ട്-414650

ചെലവ്-വികസനഫണ്ട്-585350/-

(ട്രഷറി ബിൽ നം- 18/25.8.17 തുക-495000

20/19.9.17 തുക-90350

വൗച്ചർ നം.21700671/20.10.17 ( തനത്ഫണ്ട് ) -407650

ആകെ-993000/-

2017-18 സാമ്പത്തികവർഷം 31.3.17ലെ ടെണ്ടർ നോട്ടീസ് നമ്പർ എ6-2570/16 പ്രകാരം ടാങ്കർ ലോറി കുടിവെള്ള വിതരണത്തിനായി അടങ്കൽ തുക 300000/-രൂപ കണക്കാക്കി പത്രപരസ്യം നൽകുകയും, ലഭിച്ച ടെണ്ടറുകളിൽ ലിറ്ററിന് 28 പൈസ നിരക്ക് രേഖപ്പെടുത്തിയ നന്ദനൻ.എം, മരുതക്കാട്ടിൽ ഹൗസ് എന്നവരുടെ ലിറ്ററിന് 28 പൈസ നിരക്കിലുള്ള ടെണ്ടർ 7.4.17 ലെ 1-ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ച് കരാർ ഉറപ്പിച്ചിട്ടുള്ളതാണ്.

12.4.17മുതൽ ഗ്രാമപഞ്ചായത്തിലെ 25.3.17 ലെ 4-ാം നമ്പർ തീരുമാനപ്രകാരം 6-ാം വാർഡ് ഒഴികെയുള്ള 16 വാർഡുകളിൽ വാഹനങ്ങളിൽ കുടിവെള്ളവിതരണം നടത്തിയതിന് കരാറുകാരന് മേൽ പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. 20.4.17 ലെ യോഗതീരുമാനത്തിൽ 195000/- രൂപ കൂടി വകയിരുത്തുന്നതിനും ഇതേ കരാറുകാരന് തന്നെ പ്രവൃത്തി ഏൽപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്.

എന്നാൽ തുക അപര്യാപ്തമായ സാഹചര്യത്തിൽ 300000/- രൂപയ്ക്ക് കൂടി ടെണ്ടർ ക്ഷണിക്കുകയും നന്ദനൻ.എം, മരുതക്കാട്ടിൽ ഹൗസ് എന്നവരുടെ നിരക്ക് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 19.5.17 1(1) തീരുമാനപ്രകാരം 198000/- രൂപ കൂടി വകയിരുത്താൻ തീരുമാനിച്ചിട്ടുണ്ട്.

ഇപ്രകാരം 993000/- രൂപയുടെ ചെലവിന് 300000/- രൂപ വീതം രണ്ടു തവണ ടെണ്ടർ ക്ഷണിക്കുകയും പിന്നീട് ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വകയിരുത്തിയ തുക വർദ്ധിപ്പിക്കുകയും ചെയ്യുകയുണ്ടായി.

സർക്കാർ ഉത്തരവ്(സാധാ) നം.662/17/ത.സ്വ.ഭ.വ തിയതി 9.3.17 വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് 1.4.17 മുതൽ 31.5.17 വരെ തനതു ഫണ്ട്/ പ്ലാൻഫണ്ടിൽ നിന്നും ചെലവഴിക്കാവുന്ന തുക ഗ്രാമപഞ്ചായത്തുകൾക്ക് 1000000/- രൂപ വരെ അനുമതി ലഭിച്ചിട്ടുള്ളതാണ്. ആയതിനാൽ കുടിവെള്ള വിതരണത്തിന് ഇ ടെണ്ടർ നടപടി ക്രമത്തിലൂടെ ടെണ്ടർ ക്ഷണിക്കാനുള്ള നടപടികൾ സ്വീകരിച്ചിരുന്നെങ്കിൽ ഇ ടെണ്ടറിലൂടെ കൂടുതൽ ടെണ്ടർ ലഭ്യമാകുകയും,ഇതിലും കുറഞ്ഞ നിരക്കിൽ കുടിവെള്ളം വിതരണം നടത്താൻ സാധിക്കുകയും ചെയ്യുമായിരുന്നു. അടങ്കൽതുക കുറവായി ടെണ്ടർ നടപടികൾ സ്വീകരിച്ച് രണ്ടു തവണ പത്രപരസ്യം ചെയ്തതിലൂടെ ആയതിനും രണ്ടു തവണ തുക ചെലവഴിക്കേണ്ടി വന്നു.,

വാഹനത്തിന്റെ ട്രിപ്ഷീറ്റുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന വാഹനങ്ങളിൽ കുടിവെള്ള വിതരണം നടത്തിയതായി വാർഡ് മെമ്പർ, എഡിഎസ് പ്രതിനിധികൾ സാക്ഷ്യപ്പെടുത്തി നൽകിയിട്ടുണ്ട്.

| ക്രമ നം | വാഹനനമ്പർ | വാഹനം(മോട്ടോർ വാഹനവകുപ്പിന്റെ സൈറ്റിലെ വിവരം പ്രകാരം) | വെള്ളത്തിന്റെ അളവ് ലിറ്ററിൽ |
|---|---|---|---|
| 1 | KL-48-B-9713 | ടിപ്പർ-ഓപ്പൺ | 5000 |
| 2 | KL-48-B-7564 | ടിപ്പർ-ഓപ്പൺ | 5000 |
| 3 | KL-08-AT-2720 | ഗുഡ്സ് കാരിയർ ട്രക്ക് | 6500 |
| 4 | KL-07-P-6552 | ഗുഡ്സ് കാരിയർ ട്രക്ക് | 3000 |
| 5 | KL-08-G-5110 | ഗുഡ്സ് കാരിയർ ട്രക്ക് | 4000 |
| 6 | KL-07-AB-6302 | മോട്ടോർ സൈക്കിൾ | 4000 |

കുടിവെള്ള വിതരണം നടത്തുന്നതിന് ക്രമനമ്പർ 6 ലെ വാഹനം ഉപയോഗിക്കാൻ സാധ്യമല്ല എന്നിരിക്കെ ആയത് പരിശോധിക്കാതെ വിവിധ തിയതികളായി വാർഡ് മെമ്പർ, എഡിഎസ് പ്രതിനിധികൾ സാക്ഷ്യപ്പെടുത്തി നൽകിയ ട്രിപ്പ് ഷീറ്റുകൾ ഹാജരാക്കി കരാറുകാരന് തുക അനുവദിച്ചതായി കാണുന്നു.

ഓഡിറ്റ് എൻക്വയറി നം.26/29.11.18 പ്രകാരം ഈ അപാകതയ്ക്ക് വിശദീകരണം നൽകുന്നതിന് ആവശ്യപ്പെട്ടതിൽ വാഹനത്തിന്റെ ട്രിപ്പ്ഷീറ്റിൽ അക്കങ്ങൾ രേഖപ്പെടുത്തിയപ്പോൾ വന്ന അപാകതയാണെന്നും ശ്രീ.നന്ദനൻ എന്നവരുടെ പേരിലുള്ള KL-07-AB-6203 എന്ന വാഹനത്തിന്റേതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-10 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

2017-18 സാമ്പത്തികവർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ നം | പ്രൊജക്ട് നം | പേര് | ട്രഷറി ബിൽ നം | തുക | തുക കൈമാറിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | 186/18 | പി.എം.എ.വൈ (ജ) | 14/25.8.17 | 20000 | ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് |
| 2. | 187/18 | പി.എം.എ.വൈ (എസ്.സി) | 13/25.8.17 | 100000 | ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് |

| | | | | | |
|---|---|---|---|---|---|
| 3. | 70/18 | ഐ.കെ.എം ന് വിഹിതം | 15/25.8.17 | 72210 | ഐ.കെ.എം, തിരുവനന്തപുരം |
| 4. | 206/18 | തടയണയ്ക്ക് ബ്ലോക്കിന് വിഹിതം നൽകുന്നത് | 41/27.2.18 | 100000 | ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് |
| 5. | 228/18 | ലൈഫ്,പണി പൂർത്തീകരിക്കാത്ത വീടുകൾക്കുള്ള വിഹിതം | 51/13.3.18 | 1641250 | ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് |
| 6. | 226/18 | സോഷ്യൽ സെക്യൂറിറ്റിമിഷന് ധനസഹായം | 39/19.2.18 | 372372 | സോഷ്യൽ സെക്യൂരിറ്റി മിഷൻ |
| 7 | 211/18 | ഐ.എസ്.ഒ സർട്ടിഫിക്കേഷൻ | 36/29.1.18 | 68500 | ടാറ്റ പ്രൊജക്ട് ലിമിറ്റഡ്-29500/- സെലസ് കൺസൾട്ടൻസി സർവീസസ്-39000/- |
| 8 | 180/18 | എസ്.എസ്.എ(ജനറൽ) | 5/25.8.17 | 300000 | പ്രൊജക്ട് ഡയറക്ടർ, എസ്.എസ്.എ |
| 9 | 181/18 | എസ്.എസ്.എ(എസ്.സി) | 6/25.8.17 | 150000 | പ്രൊജക്ട് ഡയറക്ടർ, എസ്.എസ്.എ |
| | | ആകെ | | 2824332/- | |

മേൽപറഞ്ഞ പ്രൊജക്ടുകളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.ആയത് ഹാജരാക്കുന്നതു വരെ ചെലവുതുക 2824332/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-11 കരാറിലേർപ്പെടാതെ തുക ഡെപ്പോസിറ്റ് ചെയ്തു

ജി.ഒ(എം.എസ്) നം.72/17/ത.സ്വ.ഭ.വ തിയതി29.3.17 ഖണ്ഡിക നം.8.3 (17) പ്രകാരം ഒരു നിർമ്മാണ പ്രവൃത്തിക്ക് കേരള ജല അതോറിറ്റി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്, ഭൂജലവകുപ്പ് എന്നീ സ്ഥാപനങ്ങൾക്ക് തുക മുൻകൂർ നൽകുന്നതിന് ബന്ധപ്പെട്ട സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമേ തുക നൽകാവൂ എന്നു വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന പ്രൊജക്ടുകളിൽ സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടതായി കാണുന്നില്ല. താഴെ പറയുന്ന പ്രൊജക്ടുകളുടെ കെ.എസ്.ഇ.ബിയിൽ നിന്നും ലഭ്യമായ പ്രവൃത്തി പൂർത്തീകരണപത്രം, വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്.

| പ്രൊജക്ട് നം | തുക/ട്രാൻസ്ഫർ ചെയ്ത തീയതി/ | സ്ഥാപനം |
|---|---|---|
| 68/18(സ്ട്രീറ്റ് ലൈൻ നീട്ടൽ) | 45885/-30.6.17 | കെ.എസ്.ഇ.ബി,കേച്ചേരി |
| | 41400/-21.11.17 | കെ.എസ്.ഇ.ബി ,കുണ്ടന്നൂർ |
| | 260640/-12.1.18 | കെ.എസ്.ഇ.ബി,കുണ്ടന്നൂർ |
| | 448905/-12.1.18 | കെ.എസ്.ഇ.ബി,കുണ്ടന്നൂർ |
| | 453530/-20.3.18 | കെ.എസ്.ഇ.ബി,കേച്ചേരി |

| | | |
|---|---|---|
| 209/18(പോസ്റ്റ് മാറ്റൽ) | 15395/-19.9.17 | കെ.എസ്.ഇ.ബി.കേച്ചേരി |
| | 12687/-28.10.17 | കെ.എസ്.ഇ.ബി.കേച്ചേരി |
| | 30659/-18.11.17 | കെ.എസ്.ഇ.ബി.കേച്ചേരി |
| | 14000/-18.1.18 | കെ.എസ്.ഇ.ബി.കുണ്ടന്നൂർ |
| | 39723/-19.2.18 | കെ.എസ്.ഇ.ബി,മുണ്ടൂർ |
| | ആകെ-1362824/- | |

കെ.എസ്.ഇ.ബിയുമായി ഏർപ്പെട്ട കരാർ ഉടമ്പടികൾ ഹാജരാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/27.11.18) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തി പൂർത്തീകരണപത്രം, വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കുന്നതു വരെ ചെലവു തുക 1362824/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-12 സമഗ്ര ആരോഗ്യവികസനം പദ്ധതിയിൽ ഡി.&ഒ പരിശോധനയ്ക്ക് തുക അനുവദിച്ചു

പ്രൊജക്ട് നമ്പർ – 157/18
പ്രൊജക്ടിന്റെ പേര് – സമഗ്ര ആരോഗ്യ വികസനം
നിർവ്വഹണോദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ,പ്രാഥമികാരോഗ്യകേന്ദ്രം
ബിൽ നമ്പറും തുകയും : ട്രഷറി ബിൽ നമ്പർ 02/11-08-17, തുക – ₹4,250
തനത് ഫണ്ട് ബിൽ നമ്പർ – 21701496/28.03.2018 -₹2,550
--------
ആകെ -₹6,800

സമഗ്രആരോഗ്യവികസനം പദ്ധതിയിൽ നിന്നും ഡി.&ഒ ഇൻസ്പെക്ഷൻ നടത്തിയതിന്റെ വാഹനവാടകയായി രവീന്ദ്രൻ.വി.ബി, വട്ടപറമ്പിൽ എന്നയാൾക്ക് 6800/- രൂപ നൽകിയിട്ടുണ്ട്. ഡി.&ഒ ഇൻസ്പെക്ഷൻ ഹെൽത്ത് ഇൻസ്പെകർമാരുടെ ഔദ്യാഗിക കൃത്യ നിർവ്വഹണത്തിന്റെ ഭാഗമായി നടത്തേണ്ട പ്രവൃത്തിയായതിനാൽ, ആയതിന് പദ്ധതി തുകയിൽ നിന്നും തുക അനുവദിച്ചു നൽകാവുന്നതല്ല. ഓഡിറ്റ് എൻക്വയറി നമ്പർ 23/28.11.18 ന് മറുപടി ലഭ്യമാക്കിയില്ല. സമഗ്ര ആരോഗ്യവികസനം പദ്ധതിയിൽ ഉൾപ്പെടാത്ത ചെലവുകൾ ആയതിനാൽ 6800/- രൂപ നിരാകരിക്കുന്നു. മേൽ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-13 ട്യൂബ് സെറ്റുകൾ വാങ്ങി ഫിറ്റ്ചെയ്യൽ- മതിയായ രേഖകളില്ലാതെ തുക അനുവദിച്ചു

നിർവ്വഹണം-സെക്രട്ടറി

I.ട്യൂബ്സെറ്റുകൾ വാങ്ങൽ -

a) 2017-18-പ്രൊജക്ട് നം-5/18(സ്പിൽ ഓവർ)
ട്രഷറി ബിൽ നം. 3/30.06.17 തുക 128500/-
b) 2016-17 ലെ പ്രൊ. നം- 98/17

ചെലവ് തുക-192750

2016-17 സാമ്പത്തികവർഷം ട്യൂബ്സെറ്റുകൾ വാങ്ങുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഇ ടെണ്ടർ ക്ഷണിക്കുകയും ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ എഡിസൺ ഇലക്ട്രോണിക്സ്, എറണാകുളം എന്ന സ്ഥാപനത്തിൽ നിന്നും 250 സിംഗിൾ ട്യൂബ്സെറ്റുകൾ വാങ്ങുന്നതിന് സപ്ലൈ ഓർഡർ നൽകുകയും ഇൻവോയ്സ് നമ്പർ 73/29.3.17 പ്രകാരം 150 എണ്ണം സപ്ലൈ ചെയ്യുകയും ചെയ്തു.ബാക്കിയുള്ള 100 എണ്ണം വാങ്ങുന്നതിന് 2017-18

ൽ സ്പിൽ ഓവറായി പ്രൊജക്ട് തയ്യാറാക്കുകയും ഇൻവോയ്സ് നമ്പർ 7/30.5.17 പ്രകാരം സ്ഥാപനം സിംഗിൾ ട്യൂബ് സെറ്റുകൾ സപ്ലൈ ചെയ്യുകയും ചെയ്തു.

സ്ഥാപനത്തിന് 100 എണ്ണം 1x36 വാട്ട്സ് സി.എഫ്.എൽ സിംഗിൾ ട്യൂബ് സെറ്റുകൾ സപ്ലൈ ചെയ്തതിന് ട്രഷറി ബിൽ നം.3/30.6.17 പ്രകാരം 128500/- രൂപ എഡിസൺ ഇലക്ട്രോണിക്സ്,എറണാകുളത്തിന്റെ അക്കൗണ്ടിലേക്ക് (നം.30631996747) ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്.

<u>തെരുവു വിളക്ക് സ്റ്റോക്ക് രജിസ്റ്റർ-</u>

2016-17 സാമ്പത്തികവർഷം വാങ്ങിയ ട്യൂബ് സെറ്റുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. എന്നാൽ ആയവ വിതരണം ചെയ്തതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. 2017-18 ൽ മറ്റൊരു സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി 100 എണ്ണം കൈപ്പറ്റിയതായും വിവിധ വാർഡുകളിലേക്ക് എന്നെഴുതി 100 എണ്ണം വിതരണം നടത്തിയതായും കാണിച്ചിരിക്കുന്നു. ആരാണ് ഇവ കൈപ്പറ്റിയതെന്നോ, ഓരോ വാർഡിലേക്കും എത്ര എണ്ണം വിതരണം ചെയ്തു എന്നോ രേഖപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിൽ പൂർണ്ണമായ വിവരങ്ങൾ ചേർത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

<u>II.സിംഗിൾ ട്യൂബ് സെറ്റ് ഫിറ്റ് ചെയ്യൽ-(പ്രൊജക്ട് നം-212/18)</u>

അടങ്കൽ- വികസനഫണ്ട്-30000/- തനതുഫണ്ട്-20000/- ആകെ 50000/-

ചെലവ്-വികസനഫണ്ട്-30000/- (38/29.1.18)

2016-17, 2017-18 സാമ്പത്തികവർഷം വാങ്ങിയ ട്യൂബ്സെറ്റുകൾ ഫിറ്റ് ചെയ്യുന്നതിന് 2017-18 ൽ ക്വട്ടേഷൻ ക്ഷണിക്കുകയും (ക്വട്ടേഷൻ നോട്ടീസ്.നം.എ6-2570/17 തി.25.8.17). തെരുവു വിളക്ക് റിപ്പയർ എ.എം.സി മുഖേന നിർവ്വഹിച്ചു വരുന്ന ശ്രീ.ഷൈജു.സി.എഫ്, ചിറ്റിലപ്പിള്ളി എന്നവർക്ക് ഒന്നിന് 200/- രൂപ നിരക്കിൽ അംഗീകരിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. (ഭരണസമിതി തീരുമാനം-4/18.9.17).

ഭരണസമിതിയുടെ 19.7.17 ലെ 2(1) തീരുമാനപ്രകാരം 250 സിംഗിൾ ട്യൂബ്സെറ്റ് ഇൻസ്റ്റലേഷൻ നടത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനും, സൂപ്പർവിഷൻ ചാർജ് കണക്കാക്കി തരുന്നതിന് കെ.എസ്.ഇ.ബി യോട് ആവശ്യപ്പെടുന്നതിനും തീരുമാനിച്ചു. കൂടാതെ പോസ്റ്റ് നമ്പർ സഹിതമുള്ള ലിസ്റ്റ് കെ.എസ്.ഇ.ബി ക്ക് നൽകാനും തീരുമാനിച്ചു.സൂപ്പർവിഷൻ ചാർജ് അടവാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

മേൽ രണ്ടു പ്രൊജക്ടുകളുടെയും ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1.ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകുന്നതിനും, പ്രസ്തുത പ്രവൃത്തി നിർവ്വഹിച്ചതിന്റെ സാക്ഷ്യ പത്രം നൽകുന്നതിനും കെ.എസ്.ഇ.ബി (കേച്ചേരി,മുണ്ടൂർ,കുണ്ടന്നൂർ) സെക്ഷനുകളിലെ അസിസ്റ്റന്റ് എഞ്ചിനീയർമാരോട് ആവശ്യപ്പെടുകയോ അനുമതി ലഭ്യമാകുകയോ, സാക്ഷ്യ പത്രം (ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ) ലഭിക്കുകയോ ചെയ്തിട്ടില്ല. ഇതിൽനിന്നും കെ.എസ്.ഇ.ബി.യുടെ അനുമതി ലഭിക്കാതെയാണ് പ്രൊജക്ട് നിർവ്വഹിച്ചിട്ടുള്ളത് എന്ന് കാണുന്നു.

2.12.12.17 ൽ 250 ട്യൂബുകൾ ഫിററ് ചെയ്തതായ കരാറുകാരന്റെ കത്തിന്റെ അടിസ്ഥാനത്തിൽ 50000/- രൂപയിൽ (250x200) 30000/- രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. ട്യൂബുകൾ ഫിറ്റ് ചെയ്തതിന് വാർഡുമെമ്പർമാരുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ടെങ്കിലും വാർഡ് 6,17 ഒഴികെ ആരും തന്നെ ഫിറ്റു ചെയ്ത ട്യൂബുകളുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല. വാർഡ് 4 ൽ ട്യൂബുകൾ റിപ്പയർ ചെയ്തതായാണ് സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്. പോസ്റ്റ് നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ ആരും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടില്ല. കെ.എസ്.ഇ.ബി ക്ക് കൈമാറിയതായി പറയുന്ന ലിസ്റ്റിൽ ആകെ 264 പോസ്റ്റുനമ്പർ ഉള്ളതിൽ വാർഡ് 6,17 എന്നിവയിൽ യഥാക്രമം 14 എണ്ണം വീതമാണ് ട്യൂബ്ഫിറ്റിംഗിനുള്ള പോസ്റ്റ് നമ്പർ നൽകിയിട്ടുള്ളത്. എന്നാൽ വാർഡുമെമ്പർമാരുടെ സാക്ഷ്യപത്രത്തിൽ യഥാക്രമം 16,12 എന്നിങ്ങനെയാണ് സ്ഥാപിച്ചതായി രേഖപ്പെടുത്തിയിട്ടുള്ളത്. മേൽപറഞ്ഞ കണക്കുകൾ ഒന്നും തന്നെ പൊരുത്തപ്പെടുന്നതായി കാണുന്നില്ല.

3.2016-17 സാമ്പത്തികവർഷം സ്ട്രീറ്റ് ലൈൻ വലിക്കുന്നതിന് കെ.എസ്.ഇ.ബിയിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തീകരിച്ച് പ്രവൃത്തി പൂർത്തീകരണപത്രം, വിനിയോഗസാക്ഷ്യപത്രം എന്നിവ 2017-18 സാമ്പത്തികവർഷത്തിൽ ലഭിച്ചിട്ടില്ല.(2017-18 വാർഷികകണക്കിലെ ബാലൻസ് ഷീറ്റിലെ കണക്കു

പ്രകാരം).ആയതിനാൽ തന്നെ പുതിയ സ്ട്രീറ്റ് ലൈനിലാണോ അതോ നിലവിലുള്ള സ്ട്രീറ്റ് ലൈനിലാണോ ട്യൂബുകൾ സ്ഥാപിച്ചിട്ടുള്ളതെന്ന കാര്യം വ്യക്തമല്ല. നിലവിലുള്ള തെരുവു വിളക്കുകൾക്ക് എ.എം.സി നടപ്പാക്കി വരുന്ന സാഹചര്യത്തിൽ വ്യക്തമായ കണക്കുകളില്ലാതെ തുക അനുവദിച്ച നടപടി ശരിയല്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/28.11.18) മറുപടി ലഭ്യമാക്കിയില്ല .

1.ഓരോ വാർഡിലും ഫിറ്റ് ചെയ്ത ട്യൂബുകളുടെ എണ്ണം ബന്ധപ്പെട്ട പോസ്റ്റ് നമ്പർ സഹിതം കെ.എസ്.ഇ.ബി യുടെ ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റോടു കൂടി ഹാജരാക്കേണ്ടതാണ്.

2.സ്ട്രീറ്റ് ലൈൻ നീട്ടൽ പ്രവൃത്തി പൂർത്തിയാക്കി ട്യൂബുകൾ ഫിറ്റ് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം തെരുവു വിളക്ക് രജിസ്റ്ററിൽ ചേർത്ത് രജിസ്റ്റർ കാലികമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3.ഓരോ വാർഡിലേക്കും വിതരണം ചെയ്ത ട്യൂബ്സെറ്റുകളുടെ വിശദാംശം,നൽകിയ തിയതി,കൈപ്പറ്റിയ വ്യക്തി എന്നിവ രേഖപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

മേൽപറഞ്ഞവ ഫൈനൽ ബിൽ നൽകുന്നതിന് മുമ്പ് മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## **3-14** എൽ.ഇ.ഡി വാങ്ങൽ-ടെണ്ടർ നിരക്കിനേക്കാൾ അധിക തുക അനുവദിച്ചു-ഗ്രാമപഞ്ചായത്തിന് നഷ്ടം **85581/-** രൂപ

പ്രൊജക്ട്-69/18

നിർവ്വഹണം-സെക്രട്ടറി
അടങ്കൽ – CFC-800000/-

ട്രഷറി ബിൽ നം-55/20.3.18 തുക-798761/-

സപ്ലൈ ചെയ്ത സ്ഥാപനം-അലുമിന ഇലക്ട്രോണിക്സ്,മലപ്പുറം

അക്കൗണ്ട് നം-918020011232546

2017-18 സാമ്പത്തികവർഷം എൽ.ഇ.ഡി ബൾബ് വാങ്ങുന്നതിന് പ്രൊജക്ട് തയ്യാറാക്കി (പ്രൊജക്ട് നം.69/18) അംഗീകാരം വാങ്ങിയിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിനു മുന്നോടിയായി നടന്ന 29.1.18 ലെ ഭരണസമിതി യോഗത്തിൽ തീരുമാനം 4 ൽ സ്ട്രീറ്റ് ലൈൻ വലിക്കൽ പ്രവൃത്തിയിലേക്ക് തുക ഡെപ്പോസിറ്റ് ചെയ്ത് പ്രവൃത്തി ആരംഭിക്കുന്നതേ ഉള്ളൂ എന്നും,ടി സ്ഥലത്തേക്ക് ബൾബുകൾ പർച്ചേസ് ചെയ്താൽ ഗ്യാരണ്ടിയുടെ ഗുണം ലഭിക്കുകയില്ല എന്നും സെക്രട്ടറി യോഗത്തെ അറിയിച്ചെങ്കിലും ധനകാര്യകമ്മീഷൻ ഗ്രാന്റ് തുക ആയതിനാലും, ഇനി മറ്റൊരു പ്രൊജക്ട് തയ്യാറാക്കി നടപ്പിലാക്കാൻ ബുദ്ധിമുട്ട് ഉള്ളതിനാലും ഫണ്ട് നഷ്ടപ്പെടാതെ തുക ചെലവഴിക്കുന്നതിന് യോഗം തീരുമാനിക്കുകയുണ്ടായി.

2.2.18 ലെ എ6-2570/17പ്രകാരം ഇ-ടെണ്ടർ ക്ഷണിക്കുകയും(കമ്പനിയുടെ പേര് രേഖപ്പെടുത്തിയിട്ടില്ല) 15 ടെണ്ടറുകളിൽ ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ അലുമിന ഇലക്ട്രോണിക്സിന്റെ 1690/- രൂപയുടെ ടെണ്ടർ 26.2.18 ലെ തീരുമാനം 1 (2) പ്രകാരം അംഗീകരിക്കുകയും ചെയ്തു.ടെണ്ടർ നോട്ടീസിലെ ക്രമനം.11 ലെ വ്യവസ്ഥ പ്രകാരം The amount quoted should be inclusive of all taxes,duties,cess,packing and transportation charges and installation commissioning charges(wherever applicable) രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അലുമിന ഇലക്ട്രോണിക്സ് സമർപ്പിച്ച ഇൻവോയ്സ് നം.38/17.3.18 ബിൽ പ്രകാരമുള്ള തുക താഴെ കൊടുക്കുന്നു.

| ഇനം | എണ്ണം | തുക | ആകെ | ടാക്സബിൾ വാല്യൂ |
|---|---|---|---|---|
| 25 വാട്ട്സ് എൽ.ഇ.ഡി (ഏതു കമ്പനിയുടേതാണെന്ന് | 422 | 1690 | 713180 | 713180 |

| | | | | |
|---|---|---|---|---|
| രേഖപ്പെടുത്തിയിട്ടില്ല) | | | | |
| | | CGST | | 42790.80 |
| | | SGST | | 42790.8 |
| | | GST(12%) | | 85581.6 |
| | | | ആകെ | 798761 |

നികുതി ഉൾപ്പെടെയുള്ള നിരക്ക് രേഖപ്പെടുത്തി ടെണ്ടറിൽ തുക ക്വാട്ട് ചെയ്തതിനു ശേഷം ജി.എസ്.ടി ഉൾപ്പെടുത്തി സ്ഥാപനം സമർപ്പിച്ച ബിൽ തുക അനുവദിച്ചതു വഴി ഗ്രാമപഞ്ചായത്തിന് മേൽപ്രകാരം 85581/- രൂപ നഷ്ടപ്പെട്ടതായി കാണുന്നു. ആയത് ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥയിൽ നിന്നും ഈടാക്കുന്നതു വരെ ചെലവു തുക ഓഡിററിൽ നിരാകരിക്കുന്നു.

2017-18 സാമ്പത്തിക വർഷം സ്ട്രീറ്റ് ലൈൻ വലിക്കുന്നതിനായി കെ.എസ്.ഇ.ബിയിൽ തുക ഡെപ്പോസിറ്റ് ചെയ്ത് നാളിതു വരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ആയതിനാൽ തന്നെ 3/18 ൽ വാങ്ങിയ എൽ.ഇ.ഡി ബൾബുകൾ നാളിതു വരെ സ്ഥാപിച്ചിട്ടില്ല. സ്ഥാപനവുമായി ഏർപ്പെട്ട കരാർ പ്രകാരം ബൾബിന് 3 വർഷ ഗ്യാരണ്ടി നൽകിയിട്ടുണ്ടെങ്കിലും പ്രസ്തുത കാലയളവിനുള്ളിൽ ബൾബുകൾ ഫിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. എൽ.ഇ.ഡി ബൾബുകൾ ഇൻസ്റ്റാൾ ചെയ്യുന്നതിന് മുമ്പേ തുക മുഴുവൻ അനുവദിച്ചത് ശരിയായ നടപടിയല്ല. കെ.എസ്.ഇ.ബിയിൽ സൂപ്പർവിഷൻ ചാർജ് അടവാക്കി ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ആയതു വരെ എൽ.ഇ.ഡി വാങ്ങുന്നതിനായി ചെലവഴിച്ച തുക (നിരാകരിച്ച തുക ഒഴികെ ) 713180/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-15 ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് തുക കൈമാറിയത് - ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചതിന്റെ വിവരങ്ങൾ ലഭ്യമായില്ല.

ഗ്രാമപഞ്ചായത്തിൽ ഉറവിട മാലിന്യസംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി തെരഞ്ഞെടുത്ത വീടുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രൊജക്റ്റിന് ശുചിത്വമിഷന്റെ 09.03.17 ലെ 652/TS58 /DSM/2017 നമ്പർ പ്രകാരം സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രൊജക്റ്റ് നിർവ്വഹണത്തിനായി വി.ഇ.ഒയും ഐ.ആർ.ടി.സി. പ്രൊജക്റ്റ് ഇംപ്ലിമെന്റേഷൻ യൂണിറ്റ് സെക്രട്ടറിയും ധാരണാപത്രത്തിൽ ഒപ്പിട്ടിട്ടുണ്ട് (തീയതി.21.03.2017). അംഗീകരിച്ച പ്രൊജക്റ്റിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ബയോഗ്യാസ് പ്ലാന്റുകളുടെ എണ്ണം - 201

അംഗീകരിച്ച യൂണിറ്റ് നിരക്ക് - 10500

അടങ്കൽ തുക - 2110500 (201 * 10500)

പരമാവധി യൂണിറ്റ് സബ്സിഡി - 7500

ഗുണഭോക്തൃവിഹിതം - 3000

1. ഐ.ആർ.ടി.സി.പ്രൊജക്റ്റ് ഇംപ്ലിമെന്റേഷൻ യൂണിറ്റിന്റെ 23-03-2017 ലെ 34/17നമ്പർ ക്യാഷ് / ക്രെഡിറ്റ് ബിൽ പ്രകാരം അറിയിച്ച 77 ബയോഗ്യാസ് പ്ലാന്റുകളുടെ വിലയായ 808500/- രൂപയിൽ 577500/- രൂപയുടെ രസീത് ഐ.ആർ.ടി.സി - പി.ഐ.യു സെക്രട്ടറിയുടെ 04/04/2017 ലെ കത്ത് പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. ബാക്കി തുകയായ 231000/- രൂപ 27/07/17 ലെ 21700371-ാം നമ്പർ വൗച്ചർ പ്രകാരം ഐ.ആർ.ടി.സി.പ്രൊജക്റ്റ് ഇംപ്ലിമെന്റേഷൻ യൂണിറ്റിന്റെ എസ്.ബി.ഐ പുതുപ്പരിയാരം ബ്രാഞ്ചിലെ 35951276401 നമ്പർ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. ആയതിന്റെ കൈപ്പറ്റ് രസീത് വൗച്ചറിൽ ഇല്ല. 77 ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള തുക കൈമാറിയിട്ടുണ്ടെങ്കിലും ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

2. ആകെ 201 ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനാണ് പ്രൊജക്ട് ലക്ഷ്യമിട്ടന്നത്. അതിൽ 77 എണ്ണം സ്ഥാപിക്കുന്നതിനാണ് തുക കൈമാറിയിട്ടുള്ളത്. അവയിൽ 55 എണ്ണം വിവിധ വാർഡുകളിൽ വിതരണം ചെയ്തതായി വി.ഇ.ഒയുടെ 01.07.2017 ലെ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ബാക്കി 22 എണ്ണം വിതരണം ചെയ്തതിന്റെ വിവരങ്ങൾ, അവ നിലവിൽ പ്രവർത്തനക്ഷമമാണോ, ബാക്കി പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി തുക വകയിരുത്തിയിട്ടുണ്ടോ എന്നീ കാര്യങ്ങൾ വിശദമാക്കേണ്ടതാണ്.

ടി പദ്ധതി സംബന്ധിച്ച് മേൽ പറഞ്ഞ വിവരങ്ങൾ ലഭ്യമാക്കാൻ ഓഡിറ്റ് അന്വേഷണം മുഖേന ( ഓഡിറ്റ് അന്വേഷണം നമ്പർ - 19/28.11.2018) ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല . ബയോഗ്യാസ് പ്ലാന്റ് സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ആയതു വരെ 22 എണ്ണത്തിന്റെ ചെലവുതുക 231000/-രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-16 ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ പ്രവൃത്തികൾ. വിശദാംശങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2017-18 സാമ്പത്തിക വർഷം പൂർത്തിയാക്കിയ, ഗുണഭോക്തൃ സമിതി വഴി നടപ്പാക്കിയ താഴെ പറയുന്ന പ്രവൃത്തികളുടെ ബിൽ പരിശോധിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവർത്തിയുടെ പേര് | പ്രവർത്തി മൂല്യം | കൺവീനർ |
|---|---|---|---|
| 1 | മേൽ തണ്ടിലം മിച്ചഭൂമി കുടിവെള്ള പദ്ധതി (പൈപ്പ് ലൈൻ നീട്ടൽ) 48/18 | 29885 | രമ്യ സുഭാഷ് |
| 2 | കുറുമാൽ കുടിവെള്ളപദ്ധതി(പൈപ് ലൈൻ നീട്ടൽ ) 47/18 | 193583 | എം. ഗോവിന്ദൻകുട്ടി |

സംസ്ഥാന ആസൂത്രണ ബോർഡ് 1999 ൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃസമിതി മാർഗ്ഗരേഖയും തുടർന്ന് പുറത്തിറങ്ങിയ ഉത്തരവുകളും പ്രകാരം ഗുണഭോക്തൃസമിതി മുഖേന പ്രവൃത്തികൾ നടപ്പാക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല ഈ വ്യവസ്ഥകൾ കൺവീനറുമായി ഏർപ്പെട്ട കരാറിലും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തൻവർഷം ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ കുടിവെള്ളപ്രവൃത്തികളിൽ താഴെ പറയുന്ന വിശദാംശങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

a. കുടിവെള്ളപ്രവൃത്തികളുടെ തുടർ പ്രവൃത്തനങ്ങൾ സമിതിയെ ഏൽപ്പിച്ചുനൽകിയ കരാർ.

b. മസ്റ്റർ റോൾ, വരവ് ചെലവ് കണക്കുപുസ്തകം.

c.പണമിടപാടുകൾ ഗുണഭോക്തൃസമിതി ചെയർമാന്റെയും കൺവീനറുടേയും പേരിൽ ആരംഭിക്കുന്ന ജോയിന്റ് അക്കൗണ്ടിൽകൂടി നടത്തിയതിന്റെയും ക്രഡിറ്റ് ചെയ്യപ്പെട്ടതിന്റെയും പകർപ്പുകൾ.

ഗുണഭോക്തൃ സമിതി മുഖേനയുള്ള പ്രവൃത്തികൾ സർക്കാർ നിർദ്ദേശങ്ങൾക്ക് വിധേയമായിരുന്നു എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്. മേൽ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-17 പാത്രമംഗലം തോന്നല്ലൂർ കുടിവെള്ള പദ്ധതി - പൂർത്തിയായിട്ടില്ല.

പ്രോജക്ട് നമ്പർ - 196/18

നിർവ്വഹണോദ്യോഗസ്ഥൻ - അസി. എഞ്ചിനീയർ

അളവു പുസ്തകം - 191/17-18, അടങ്കൽ തുക – 1,17,000/-

ചെലവ് - 52,200/-

ബിൽ നമ്പർ - 105/29-3-18

കരാറുകാരൻ - വി.വി. ചാക്കുണ്ണി.

എഗ്രിമെന്റ് നം. 82/AE/LSGD/VLR/17-18 തീയതി , 3-1-18.

മേൽ പ്രകാരം എഗ്രിമെന്റ് വെച്ച പ്രവൃത്തിയുടെ ഒന്നാമത്തെ പാർട്ട് ബിൽ പരിശോധിച്ചതിൽ, കുഴൽ കിണർ നിർമ്മാണം പൂർത്തീകരിച്ചതായി കാണുന്നു. എസ്റ്റിമേറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ച പ്രകാരം 111 കുടുംബങ്ങൾക്ക് വെള്ളം ലഭ്യമാക്കുന്നതിനായി വിഭാവന ചെയ്ത ടി പദ്ധതിയുടെ നിലവിലെ സ്ഥിതി വിവരവും, പൂർത്തീകരണത്തിന് ആവശ്യമായ തുടർ പ്രവൃത്തികൾക്കായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ആരാഞ്ഞുകൊണ്ട് നടത്തിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 28/17-18 തീയതി - 29-11-2018) ലഭ്യമാക്കിയ മറുപടിയിൽ കുടിവെള്ളത്തിനാശ്യമായ വെള്ളം ലഭ്യമാണെന്ന് യീൽഡ് ടെസ്റ്റ് റിപ്പോർട്ട് ലഭ്യമായിട്ടുള്ളതാണെന്നും ഒരു പമ്പ് ഹൗസ് നിർമ്മാണം കൂടി ഈ പദ്ധതി പ്രകാരം പൂർത്തീകരിക്കാനുണ്ട് എന്നും അറിയിച്ചു. പമ്പ് ഹൗസ് നിർമ്മാണപ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. മോട്ടോർ & ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിക്കാവശ്യമായ ഫണ്ട് 2019-20 വർഷത്തിൽ വകയിരുത്തി പദ്ധതി പ്രവർത്തനക്ഷമമാക്കുന്നതാണ് എന്നും ടി എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പറയുന്നു. പദ്ധതി പൂർത്തീകരിച്ച് ജലക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 3-18 വിവിധ കുടിവെള്ള പദ്ധതികളുടെ ഇലക്ട്രിക്കൽ വർക്കുകൾ -പൂർത്തീകരിച്ച കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികളെ ഏൽപ്പിച്ചിട്ടില്ല.

പ്രോജക്ട് നമ്പർ - 65/18പ്രോജക്ടിന്റെ പേര് - വിവിധ കുടിവെള്ള പദ്ധതികളുടെ ഇലക്ട്രിക്കൽ വർക്കുകൾ

നിർവ്വഹണോദ്യോഗസ്ഥൻ - അസി. എഞ്ചിനീയർ

അളവു പുസ്തകം - 198/17

അടങ്കൽ തുക – 3,00,000/-

കരാറുകാരൻ - ബെന്നി. കെ.എഫ്.

എഗ്രിമെന്റ് നമ്പർ - 2/AE/LSGD/VCR/2016-17 dated 02-05-2017.

ചെലവ് - 2,76,520/-

ബിൽ നമ്പർ - 35/28-9-17 - 1,48,500/-

36/28-9-17 - 1,28,020/-

ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷം വിവിധ കുടിവെള്ള പദ്ധതികളുടെ ഇലക്ട്രിക്കൽ വർക്കുകൾക്കായി മേൽ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ വർക്കുകൾ പൂർത്തിയാക്കിയ കുടിവെള്ള പദ്ധതികളുടെ പേരു വിവരം ചുവടെ ചേർക്കുന്നു.

1. പാറക്കടവ് കുടിവെള്ള പദ്ധതി.

2. കുറുമാൽ മുത്തിരുവ് കുടിവെള്ള പദ്ധതി.

3. കീഴ് തണ്ടിലം കുടിവെള്ള പദ്ധതി.

4. വടക്കുമുറി കുടിവെള്ള പദ്ധതി.

മേൽ പരാമർശിക്കപ്പെട്ട കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ച് സുഗമമായി പ്രവർത്തിച്ചുവരുന്നതായി ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 10/17-18 തീയതി - 26-11-2018) മറുപടി ലഭിച്ചു. പൂർത്തിയായ കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികളെ ഏൽപ്പിച്ചതു സംബന്ധിച്ച് തൃപ്തികരമായ മറുപടി ലഭ്യമാക്കുകയുണ്ടായില്ല. കുടിവെള്ള പദ്ധതികൾ പൂർത്തിയായവ കരാർ പ്രകാരം ഗുണഭോക്തൃ സമിതികളെ ഏൽപ്പിക്കേണ്ടതും, തുടർ നടത്തിപ്പും സംരക്ഷണവും ഗുണഭോക്തൃ സമിതികൾ ചെയ്യേണ്ടതുമാണ്.

## 3-19 മരാമത്ത് പ്രവൃത്തികൾ - നടപടിക്രമങ്ങളിലെ അപാകതകൾ.

I. നിർമ്മാണപ്രവൃത്തികളുടെ വിവരങ്ങൾ പ്രദർശിപ്പിക്കുന്നില്ല.

2017-18 വർഷത്തെ പദ്ധതി മാർഗ്ഗരേഖ ജി.ഒ(എം.എസ്)നം. 72/17 ത.സ്വ.ഭ.വ തീയതി 29.03.17ലെ ഖണ്ഡിക 6.6(5)പ്രകാരം നിർമ്മാണപ്രവൃത്തികളുടെ പ്രധാന വിവരങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ള ബോർഡ് പ്രവൃത്തി സ്ഥലത്ത് സ്ഥാപിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ബോർഡ് സ്ഥാപിക്കുന്നതിനുള്ള തുക എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ 27.11.2018 ലെ ഓഡിറ്റ് എൻക്വയറി നം. 13 ന് തന്ന മറുപടിയിൽ ബോർഡുകൾ സ്ഥാപിച്ചിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്.

II. രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിൽ അപാകതകൾ

1. ജി.ഒ.(പി) നം. 177/2006/21.3.2006 ലെ ഖണ്ഡിക 18.3 പ്രകാരം ഓരോ നിർവ്വഹണ ഉദ്യോഗസ്ഥനും ടി.ആർ. 7 എ ഫാറത്തിലുള്ള കാഷ് ബുക്ക് സൂക്ഷിക്കേണ്ടതാണ്. എന്നാൽ ടി.ആർ. 7 എ ഫാറത്തിലുള്ള കാഷ്ബുക്ക് അല്ല അസിസ്റ്റന്റ് എഞ്ചിനീയർ സൂക്ഷിക്കുന്നത്.

2. ജി.ഒ.(പി) നം. 177/2006/21.3.2006 ലെ 26.6 പ്രകാരം ഓരോ നിർവ്വഹണ ഉദ്യോഗസ്ഥനും അനുബന്ധം B-V ഫോറത്തിലുള്ള പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. അസി.എഞ്ചിനീയർ നിശ്ചിത ഫോറത്തിലുള്ള പ്രൊജക്ട് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയില്ല.

അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-20 ആസ്തി രജിസ്റ്ററിലെ വിവരണങ്ങളിൽ കൃത്യതയില്ല

പഞ്ചായത്തിലെ റോഡുകളെ സംബന്ധിച്ച് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള നീളം, സർഫസ് ടൈപ്പ് തുടങ്ങിയ വിവരങ്ങളും വർക്ക് ഫയലിലെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരമുള്ള വിവരങ്ങളും തമ്മിൽ വ്യത്യാസം കാണുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| റോഡിന്റെ പേര് | ആസ്തി രജിസ്റ്ററിലെ വിശദാംശങ്ങൾ | | എസ്റ്റിമേറ്റ് റിപ്പോർട്ടിലെ വിശദാംശങ്ങൾ | | ചെയ്ത പ്രവൃത്തി |
|---|---|---|---|---|---|
| | നീളം | അവസ്ഥ | നീളം | അവസ്ഥ | |
| ഫാൽക്കൺ ഗ്രൌണ്ട് റോഡ് | 1055m | 755 മീറ്റർ മെറ്റൽറോഡ് | 292m | മെറ്റലിംഗ് & ടാറിംഗ് | മൊത്തം 755 മീറ്റർ റോഡിന്റെ ടാറിംഗ് കഴിഞ്ഞ വിവരം അപ്ഡേറ്റ് ചെയ്തിട്ടില്ല. |
| തിരുത്ത് -ഞാലിക്കര റോഡ് | 431m | 211മീറ്റർ- മെറ്റൽ റോഡ്<br>220 മീറ്റർ ടാർറോഡ് | 145മീറ്റർ സോളിംഗ് | 155 മീറ്ററിലെ മെറ്റലിംഗ് & ടാറിംഗ് ചെയ്തിരിക്കുന്നു. | 153mഭാഗത്ത് മെറ്റലിംഗും ടാറിംഗും ചെയ്ത വിവരം അപ്ഡേറ്റ് ചെയ്തിട്ടില്ല |
| മാർക്കറ്റ് റോഡ് | 300m | 20 മീറ്റർ - ടാർ റോഡ്<br>280 മീറ്റർ- | 188m റീടാറിംഗ് | 200 മീറ്റർ റീടാറിംഗ് | റീടാറിംഗ് കഴിഞ്ഞ വിവരം |

| | | | | | |
|---|---|---|---|---|---|
| | | മണ്ണ് റോഡ് | | | അപ്ഡേറ്റ് ചെയ്തിട്ടില്ല |
| കുരിശുപള്ളി റോഡ് | 550m | 550 മീറ്റർ കച്ച റോഡ് | 180m മെറ്റലിംഗ് & ടാറിംഗ് | ടാർ റോഡ് | 187 മീറ്റർ മെറ്റലിംഗും ടാറിംഗും കഴിഞ്ഞ വിവരം അപ്ഡേറ്റ് ചെയ്തിട്ടില്ല |
| വടക്കെ ഹരിജൻ കോളനി റോഡ് | 700m | 300മീറ്റർ ടാർ, 400 മീറ്റർ മെറ്റൽ | 213m റീടാറിംഗ് | ടാർ റോഡ് | 215m റീടാർ ചെയ്ത വിവരം അപ്ഡേറ്റ് ചെയ്തിട്ടില്ല. |

2017-18 വർഷം പ്രവൃത്തി നടത്തിയിട്ടുള്ള മിക്കവാറും എല്ലാ റോഡുകളെ സംബന്ധിച്ച എസ്റ്റിമേറ്റ് റിപ്പോർട്ടിലെ വിവരവും ആസ്തി രജിസ്റ്ററിലെ വിവരണവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-21 ഭാഗികമായി റോഡ് പ്രവൃത്തികൾ ആസൂത്രണം ചെയ്യുന്നു

പുതിയ റോഡുകൾ നിർമ്മിക്കുമ്പോൾ റോഡ് ഫോർമേഷൻ മുതൽ ടാറിംഗ് വരെയുള്ള മുഴുവൻ പ്രവൃത്തികളും ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രൊജക്ട് അംഗീകരിച്ച് നടപ്പാക്കുന്നതിനുപകരം ഭാഗികമായി എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങി പ്രവൃത്തികൾ നിർവ്വഹിച്ചു കാണുന്നു. ഗ്രാമ പഞ്ചായത്ത് 2017-18വർഷത്തിൽ നടത്തിയ ഇത്തരത്തിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റീ സോളിംഗ്/പാച്ച് സോളിങ്ങ് പ്രവൃത്തികൾ ആവശ്യമായിവന്ന പ്രൊജക്റ്റുകൾ.

| പ്രവൃത്തിയുടെ വിശദാംശങ്ങൾ | ഇനം 1-WMM-ൽ Soling ചെയ്തതിന്റെ അളവ് | എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം ഫസ്റ്റ് മെറ്റലിംഗ് (സോളിംഗ്) നടത്തിയത് |
|---|---|---|
| കുരിശുപള്ളി റോഡ് ടാറിംഗ്.<br>പ്രോജക്ട് നമ്പർ 60/18<br>അടങ്കൽ - 1,20,000/-<br>ചെലവ് - 1,19,575/-<br>ബിൽ നമ്പർ 41/31-11-2018 | 24.413m$^3$ x 2980.51/m$^3$ (cost index-37.25%) (72763.19/-) | വർഷങ്ങൾക്ക് മുൻപ്. |

വർഷങ്ങൾക്കു മുൻപ് ഫസ്റ്റ് മെറ്റലിംഗ് (സോളിംഗ്) മാത്രമായി ചെയ്ത് നിർത്തിയ പ്രസ്തുത റോഡിന്റെ ടാറിംഗ് ഓഡിറ്റ് വർഷത്തിൽ നടത്തിയപ്പോൾ, ആദ്യ മെറ്റലിംഗിന്റെ മെറ്റൽ പലയിടത്തും ഇളകിപ്പൊയ്ക്കഴിഞ്ഞിട്ടുള്ളതിനാൽ റീ സോളിംഗ്/പാച്ച് സോളിങ്ങ് ഇനത്തിൽ തുക ചെലവു വന്നതായി കാണപ്പെടുന്നു.

സോളിംഗ്, മെറ്റലിംഗ്&ടാറിംഗ് എന്നീ പ്രവൃത്തികൾ രണ്ട് വ്യത്യസ്ത പ്രൊജക്റ്റുകളായി നടപ്പാക്കിയവ.

| പ്രവൃത്തിയുടെ വിശദാംശങ്ങൾ | എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം റോഡിന്റെ നിലവിലെ അവസ്ഥ | 2017-18 ൽ ചെയ്ത പ്രവൃത്തി |
|---|---|---|
| ഫാൽക്കൺ ഗ്രൗണ്ട് റോഡ് മെറ്റലിംഗ്, ടാറിംഗ്<br>പ്രോജക്ട് നമ്പർ 13/18<br>അടങ്കൽ - 2,60,932/-<br>ചെലവ് - 2,60,932/-<br>ബിൽ നമ്പർ 39/31-10-2017 | സോളിംഗ് പ്രവൃത്തി കഴിഞ്ഞ് കിടക്കുന്നു.<br>പ്രോജക്ടിൽ 245 മീറ്റർ ആണ്. എന്നാൽ 340 മീറ്റർ ചെയ്യേണ്ടതുണ്ട്.<br>ch. 0/00 മീറ്റർ മുതൽ ch. 0/340 മീറ്റർ വരെ. | ch. 0/00 മീറ്റർ മുതൽ ch. 0/345 മീറ്റർ വരെ മെറ്റലിംഗ്, ടാറിംഗ് നടത്തി.<br>ഇനം 1- 4-9<br>WMM ചെയ്തതിന്റെ അളവ്<br>345 മീറ്റർ<br>(അളവു പുസ്തകം 45/17 പേജ് 17) |
| മുള്ളൻമട റോഡ് മെറ്റലിംഗ്,ടാറിംഗ്<br>പ്രോജക്ട് നമ്പർ 23/18<br>അടങ്കൽ - 2,97,000/-<br>ചെലവ് - 2,70,284/-<br>ബിൽ നമ്പർ 33/28-9-2017 | സോളിംഗ് പ്രവൃത്തി കഴിഞ്ഞ് കിടക്കുന്നു.<br>ch. 0/00 മീറ്റർ മുതൽ ch. 0/161 മീറ്റർ വരെ.<br>161 മീറ്റർ നീളമുള്ള റോഡിന്റെ മെറ്റലിംഗ്, ടാറിംഗ് പ്രവൃത്തി. | ch. 0/00 മീറ്റർ മുതൽ ch. 0/145 മീറ്റർ വരെ മെറ്റലിംഗ്, ടാറിംഗ് നടത്തി.<br>ഇനം 1- 4-9<br>WMM ചെയ്തതിന്റെ അളവ്<br>145 മീറ്റർ<br>(അളവു പുസ്തകം 280/16-17 പേജ് 4) |
| മേഞ്ചേരിക്കാവ് റോഡ് മെറ്റലിംഗ്,ടാറിംഗ്<br>പ്രോജക്ട് നമ്പർ 28/18<br>അടങ്കൽ - 5,25,000/-<br>ചെലവ് - 4,47,551/-<br>ബിൽ നമ്പർ 71/17-2-2018 | 0/000-0/250 മീറ്റർ വരെയുള്ള 250 മീറ്റർ ടാറിംഗ് കഴിഞ്ഞിട്ടുള്ളതാണ്.<br>0/250-0/585 വരെയുള്ള ഭാഗം (335 മീറ്റർ) സോളിംഗ് കഴിഞ്ഞുകിടക്കുന്നു.<br>സോളിംഗ് കഴിഞ്ഞു കിടക്കുന്ന ഭാഗത്ത് മെറ്റലിംഗ് ടാറിംഗ് നടത്തി ഗതാഗത യോഗ്യമാക്കുകയാണ് പദ്ധതി.<br>ch. 0/250 മീറ്റർ മുതൽ ch. 0/585 മീറ്റർ വരെ. | ch. 250/00 മീറ്റർ മുതൽ ch. 0/299 മീറ്റർ വരെ മെറ്റലിംഗ്, ടാറിംഗ് നടത്തി.<br>ഇനം 1- 4-9<br>WMM ചെയ്തതിന്റെ അളവ്<br>49 മീറ്റർ<br>(അളവു പുസ്തകം 370/16-17 പേജ് 2) |

ഇപ്രകാരം ഭാഗികമായി പ്രവൃത്തികൾ ആസൂത്രണം ചെയ്യുന്നതിനാൽ റീ സോളിംഗ്/പാച്ച് സോളിങ്ങ് ഇനത്തിൽ അധികചെലവ് വരുന്നതിനും തുക ചെലവഴിച്ചിട്ടും റോഡിന്റെ യഥാർത്ഥ ഗുണം ലഭിക്കുന്നതിന് കാലതാമസം വരുന്നതിനും കാരണമാകും. ഒരു റോഡ് മുഴുവനായും സഞ്ചാര യോഗ്യമാകത്തക്ക വിധത്തിൽ ടാറിംഗ് ഉൾപ്പെടെയുള്ള എല്ലാ പണികളും പൂർണ്ണമാക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി, പ്രൊജക്ടുകൾ ആസൂത്രണം ചെയ്യുന്നതിനു പകരം ചെറിയ ചെയിനേജുകളിൽ കൃത്യമായ കണക്കുവിറ്റി ഭൂപടം ഇല്ലാതെ റോഡ് പ്രവൃത്തി നടപ്പിലാക്കുന്നത് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നു. ഇക്കാര്യത്തിൽ പഞ്ചായത്ത് അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു. എത്രയും വേഗം റോഡ് കണക്ടിവിറ്റി ഭൂപടം കാലികമാക്കി തയ്യാറാക്കേണ്ടതും വാർഡ് അടിസ്ഥാനത്തിൽ പദ്ധതിപണം പങ്കുവെക്കുന്നതിനു പകരം വ്യക്തമായ ലക്ഷ്യബോധത്തോടെ പദ്ധതികൾ ആസൂത്രണം നടത്തേണ്ടതുമാണ്.

## 3-22 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

## അവലോകനം

2017-18 ലെ ആക്ഷൻ പ്ലാൻ പ്രകാരം 1662 പദ്ധതികളാണ് തൻവർഷത്തിൽ നടപ്പിലാക്കുന്നതിന് വിഭാവനം ചെയ്തിരുന്നത്. ഇതിൽ 139 പ്രവൃത്തികളാണ് നിർവ്വഹണം ആരംഭിച്ചിട്ടുള്ളത്. കിണർ റീചാർജ്ജിംഗ്, തരിശുഭൂമി/നിലം കൃഷിക്ക് അനുയോജ്യമാക്കൽ, പൊതുസ്ഥലങ്ങളിൽ വൃക്ഷത്തൈ വച്ച് പരിപാലിക്കൽ, പുതിയ തോട് നിർമ്മാണം, മണ്ണ്- ജല സംരക്ഷണപ്രവർത്തനങ്ങൾ (മഴക്കുഴി, ജൈവവേലി), കേന്ദ്ര സംസ്ഥാന സർക്കാരുകൾ ആവിഷ്കരിക്കുന്ന ഭവന നിർമ്മാണ പദ്ധതികൾ, അംഗൻവാടി നിർമ്മാണം മുതലായ പദ്ധതികളിലൂടെ 2017-18 വർഷത്തിൽ 29698 തൊഴിൽദിനങ്ങളാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. ആകെ തൊഴിൽ ലഭ്യമായ 633 കുടുംബങ്ങളിൽ 51 കുടുംബങ്ങൾ 100 ദിനം പൂർത്തിയാക്കി. 2017-18 ൽ തൊഴിലാളികൾക്ക് വേതനമിനത്തിൽ 76,37,580 രൂപ ചെലവഴിച്ചിട്ടുണ്ട്. എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതിക്കായി കമ്പ്യൂട്ടർ വാങ്ങിയതുൾപ്പെടെയുള്ള ഭരണച്ചെലവുകൾ, മെറ്റീരിയൽ കോസ്റ്റ് എന്നിവയുൾപ്പെടെ 88,42,562 രൂപ പദ്ധതിയിൽ 2017-18 വർഷത്തിൽ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 2016-17 വർഷത്തെ പദ്ധതിച്ചെലവുമായി താരതമ്യപ്പെടുത്തുമ്പോൾ ചെലവിൽ വൻകുറവ് സംഭവിച്ചതായി കാണുന്നു. 2016-17 വർഷത്തിലെ പദ്ധതിയിൽ 2,51,61,051 രൂപ ചെലവഴിക്കപ്പെട്ടിരുന്നു. മാത്രമല്ല, 2017-18 ൽ വിഭാവനം ചെയ്ത 1662 പദ്ധതിയിൽ വെറും 34 പ്രവൃത്തികൾ മാത്രമാണ് പൂർത്തീകരിക്കപ്പെട്ടത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( ഓഡിറ്റ് അന്വേഷണം നം. 35/30.11.2018 ) മറുപടിയായി മെറ്റീരിയൽ യഥാസമയം ലഭ്യമാകാതിരുന്നതിനാലുമാണ് 2017-18 വർഷത്തിൽ പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിക്കാതിരുന്നത് എന്ന് അറിയിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രധാനപ്പെട്ട ലക്ഷ്യമെന്നത് ആസ്തി സൃഷ്ടിക്കുന്നതിനേക്കാളുപരി ദുർബലജനവിഭാഗങ്ങൾക്ക് തൊഴിൽ സൃഷ്ടിക്കുകയും അതുവഴി അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുക എന്നതാണ്. പദ്ധതികൾ രൂപീകരിക്കുകയും നടപ്പിലാക്കുകയും ചെയ്യുമ്പോൾ പരമാവധി തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെടുന്ന പദ്ധതികൾക്ക് മുൻഗണന നൽകുന്നതിന് ശ്രദ്ധിക്കേണ്ടതായിരുന്നു. ഭാവിയിൽ ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 180000 | 177/18 ക്ഷീര കർഷകർക്ക് പാൽ സബ്സിഡി. | 180000 | 0 |
| ,, | ,, | 500000 | 115/18 സമഗ്ര നെൽ കൃഷി വികസനം | 500000 | 0 |
| ,, | ,, | 300000 | 131/18 ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | ,, | 500000 | 115/18 സമഗ്ര നെൽ കൃഷി വികസനം | 500000 | 0 |
| ,, | ,, | 100000 | 116/18 പച്ചക്കറി കൃഷി വികസന പദ്ധതി | 100000 | 0 |
| ,, | ,, | 450000 | 177/18 ക്ഷീരകർഷകർക്ക് പാൽ സബ്സിഡി | 450000 | 0 |

| | | | | | |
|---|---|---|---|---|---|
| ,, | ,, | 200000 | 122/18 അംഗൻവാടി പോഷകാഹാരം | 200000 | 0 |
| ,, | ,, | 300000 | 131/18 ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 300000 | 0 |
| ,, | ,, | 500000 | 158/18 സാന്ത്വന പരിചരണ ചികിൽസാ പദ്ധതി | 394614 | *105386 |

*കുറിപ്പ്:- ബ്ലോക്ക് പഞ്ചായത്ത് വിഹിതം, നീക്കിയിരിപ്പ് വാർഷിക കണക്കുപ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല. വാർഷിക കണക്കുകൾ പ്രകാരം നീക്കിയിരിപ്പ് 105336/- വ്യത്യാസത്തിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി കേച്ചേരി | സ്ട്രീറ്റ് ലൈറ്റ് മീറ്റർ വയ്ക്കൽ | 120 3/14 | 1219000 | - | 1219000 |
| കെ.എസ്.ഇ.ബി കേച്ചേരി | സ്ട്രീറ്റ് മെയിൻ ഇൻസ്റ്റലേഷൻ | 121 12/15 | 643977 | - | 643977 |
| കെ.എസ്.ഇ.ബി കുണ്ടന്നൂർ | ,, | 121 12/15 | 91210 | - | 91210 |
| കെ.എസ്.ഇ.ബി മുണ്ടൂർ | ,, | 121 12/15 | 43443 | - | 43443 |
| കെ.എസ്.ഇ.ബി | പോസ്റ്റ് മാറ്റൽ | 21701228 | 15395 | - | 15395 |
| | | 21701292 | 12687 | - | 12687 |
| | | 21701301 | 30659 | - | 30659 |
| | | 21701306 | 14000 | - | 14000 |
| | | 21701388 | 39723 | - | 39723 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ നീട്ടൽ | 21701192 | 45885 | - | 45885 |
| | | 21701305 | 41400 | - | 41400 |
| | | 21701322 | 709545 | - | 709545 |
| | | 21701438 | 453530 | - | 453530 |
| | | | | ആകെ | 2263174 |

| | | | | | |
|---|---|---|---|---|---|
| GWD | | - | 9382 | - | 9382 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

(വാർഷിക കണക്കുകൾ ഷെഡ്യൂൾ RP 10 പ്രകാരം Recovery from employees - Audit Recovery based on Charge Certificate എന്ന ശീർഷകത്തിൽ 2,21,121/-രൂപ വരവ് കാണിച്ചിട്ടുണ്ട്) ആയതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നം. തീയതി |
|---|---|---|---|---|
| 16-17 | 2-3 | 300 | EvolvePolymers | 117240107936 dt. 22-01-2018 |
| 16-17 | 2-6 | 45 | sudhi sankaran | 117240108299 dt. 14-02-2018 |
| 16-17 | 2-3 | 1250 | Secretary gpt | 1172401087396 dt. 17-02-2018 |
| 16-17 | 2-6 | 215 | udayakumar | 117240108401 dt. 17-2-18 |
| 16-17 | 2-6 | 192 | chakkunni | 117240108697 dt. 27-2-18 |
| 16-17 | 2-6 | 471 | hassanar | 117240108801 dt. 28-2-18 |
| 16-17 | 2-7 | 3150 | Mathew M Pathrose | 117240109127 dt. 9-3-18 |
| 16-17 | 2-3 | 852 | Thilakarjan | 117240107960 dt. 23-1-18 |
| 16-17 | 2-6 | 396 | vijeesh | 117240108015 dt. 27-1-18 |
| 16-17 | 2-6 | 506 | Ratnakumari | 117240108065 dt. 31-1-18 |
| 16-17 | 2-3 | 250 | Head Master | 117240108069 dt. 31-1-18 |

| | | | | |
|---|---|---|---|---|
| 16-17 | 2-6 | 496 | Antony | 117240108089 dt. 31-1-18 |
| 16-17 | 2-3 | 480 | principal | 117240108097 dt. 1-2-18 |
| 14-15 | 3-14 | 1003 | Tahasildar | 17240500002 dt. 26-5-18 |
| 16-17 | 2-3 | 6750 | teeson polymers | 117240108324 dt. 15-2-18 |
| 16-17 | 2-3 | 2400 | vindeep treads | 17240108326 dt. 15-2-18 |
| 14-15 | 3-14 | 999 | Tahasildar | 117240400031 dt. 14-12-17 |
| 14-15 | 3-14 | 9000 | lissy | 117240107209 dt. 16-12-17 |
| 14-15 | 2-3 | 2500 | secratary gpt | 117240107844 dt. 17-1-18 |
| 16-17 | 2-6 | 151 | gopi | 117240108192 dt. 6-2-18 |
| 16-17 | 2-6 | 483 | sankarankutty | 117240108205 dt. 7-2-18 |
| 14-15 | 3-14 | 1003 | vasumathy | 117240400030 dt. 23-1-17 |
| 15-16 | 2-3.4 | 6240 | carnival caters | 117240108002 dt. 25-1-18 |
| 15-16 | 2-3.4 | 600 | mohamma seethi | 117240108129 dt. 3-2-18 |
| 14-15 | 3-14 | 1003 | vasumathi | 117240400001 dt. 7-4-17 |
| 14-15 | 3-14 | 1003 | vasumathi | 117240400002 dt. 19-6-17 |
| 14-15 | 3-14 | 1003 | Tahasildar | 117240400003 dt. 26-7-17 |
| 14-15 | 3-14 | 1003 | Tahasildar | 117240400004 dt. 18-8-17 |
| 14-15 | 3-14 | 1003 | Tahasildar | 117240400009 dt. 8-9-17 |
| 14-15 | 3-4 | 3701 | franco ma | 117240103631 dt. 24-10-17 |
| 16-17 | 2-3 | 1000 | seeno.c.d | 117240107806 dt. 15-1-18 |
| 15-16 | | 1150000 | മിനി.വി | 117060500005 dt. 28-3-18 |
| 17-18 | ഓഡിറ്റ് റിമാർക്ക് | 19673 | മറിയക്കുട്ടി | 117240104954 dt. 9-11-17 |

| | | | | |
|---|---|---|---|---|
| 16-17 | | 1000 | ഉഷ പുരുഷോത്തമൻ | 117240102795 dt. 15-9-17 |
| 16-17 | | 500 | ,, | 9205810076 dt. 7-10-17 |
| 16-17 | | 500 | ,, | 117240106348 dt. 28-11-17 |
| | ആകെ | 221121 | | |

മേൽ പറഞ്ഞതിൽ 51488/- രൂപ മാത്രമാണ് ഓഡിറ്റ് റിക്കവറിയിനത്തിലെ വരവ്. ബാക്കി തുക ഓഡിറ്റ് റിക്കവറി ഹെഡ്ഡിൽ തെറ്റായി വരവ് വച്ചതാണ്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുന്ന ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2015-16<br>2-2 | 2016-17<br>2-2 | തൊഴിൽ നികുതി 2015-16 | 30-07-2018 ലെ A8-3501/18 നമ്പർ കത്ത് പ്രകാരം ആദ്യ മറുപടി നൽകിയിട്ടുണ്ട്. |

## 4-8 ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 75429312 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 77963728 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 92381 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6094357 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-12 | - | 6800 | സ്മിത കൊച്ചുമോൻ, മെഡിക്കൽ ഓഫീസർ, പ്രാഥമികാരോഗ്യ കേന്ദ്രം |
| 3-14 | - | 85581 | ശ്രീമതി.ശ്രീകല.വി.ജി.സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 139000 | ശ്രീമതി.സിനു.വി.സി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |

| | | |
|---|---|---|
| 3-8 | 824021 | ശ്രീമതി,ശ്രീകല.വി.ജി,സെക്രട്ടറി |
| 3-10 | 2824332 | ശ്രീമതി,ശ്രീകല.വി.ജി,സെക്രട്ടറി |
| 3-11 | 1362824 | ശ്രീമതി,ശ്രീകല.വി.ജി,സെക്രട്ടറി |
| 3-14 | 713180 | ശ്രീമതി,ശ്രീകല.വി.ജി,സെക്രട്ടറി |
| 3-15 | 231000 | ശ്രീ.സജിത് തോമസ് .വി.ഇ.ഒ(തയ്യൂർ സർക്കിൾ) |
| ആകെ | 6094357 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേര്, ഉദ്യോഗപ്പേര് | ഇപ്പോഴത്തെ മേൽവിലാസം (ഓഡിറ്റ് നടന്ന സമയം) | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി,ശ്രീകല.വി.ജി, സെക്രട്ടറി | സെക്രട്ടറി, വേലൂർ ഗ്രാമപഞ്ചായത്ത് | നവജീവൻ,വിദ്യാനഗർ, പാട്ടുക്കാട്, വിയ്യൂർ പി.ഒ.തൃശ്ശൂർ 680010 |
| ഡോ.സ്മിത കൊച്ചുമോൻ, മെഡിക്കൽ ഓഫീസർ, പ്രാഥമികാരോഗ്യകേന്ദ്രം | മെഡിക്കൽ ഓഫീസർ, പ്രാഥമികാരോഗ്യകേന്ദ്രം, വേലൂർ | രോഹിണി, മൈത്രി നഗർ, അത്താണി, തൃശ്ശൂർ |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 68-69, 72-73, 74-75, 75-76, 76-77, 77-78, 78-79, 79-80, 80-81 88-89 89-90 | എൽ. എഫ്. ടി ( എസ് 2) / 816/ 11/ 29.7.11/ 30.9.11 |
| 90-91, 92-93 | എൽ. എഫ്. ടി ( എസ് 2) / 816/ 11/ 29.7.11/ 30.9.11 |

| | |
|---|---|
| 93-94<br>94-95<br>95-96 | |
| 96-97 | എൽ .എഫ്.ടി 13- 607/98/6.2.99 |
| 97-98 | എൽ .എഫ്.ടി 13- 611/2000/14.6.2000 |
| 98-99 | എൽ .എഫ്.ടി 20- 167/01/7.6.01 |
| 99-00 | എൽ .എഫ്.ടി 17- 335/05/15.11.05 |
| 2000-01 ( പ്ലാൻ) & 01-02 | എൽ .എഫ്.ടി 17- 1762/03/26.2.04 |
| 01-02 (പ്ലാൻ) | എൽ .എഫ്.ടി 17- 451/06/30.3.06 |
| 03-04 | എൽ .എഫ്.ടി 17- 1116/07/7.11.07 |
| 04-05 | എൽ .എഫ്.ടി 17- 1669/08/14.6.10 |
| 05-06 | എൽ .എഫ്.ടി 17- 343/10/18.3.11 |
| 06-07 | എൽ .എഫ്.ടി 17- 344/10/18.3.2011/ 18.10.11 |
| 07-08 | എൽ.എഫ്.ടി പി 2- 1091/12/24.9.2012 |
| 08-09 | എൽ .എഫ്.ടി പി 2- 1090/12/24.9.12 |
| 09-10 | എൽ .എഫ്.ടി പി (2)- 1084/12/24.9.12 |
| 10-11 | എൽ .എഫ്.ടി പി (2)- 1085/12/24.9.12/ 02.02.13 |
| 11-12 | എൽ.എഫ്.ടിപി(6)- 1123/13/ 11.12.13/3.2.14 |
| 12-13 | എൽ .എഫ്.ടി പി (9)- 1521/14/12.1.15/ 17.3.15 |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ (പി9)792/15 തിയ്യതി 15.10.15/4.11.15 |
| 14-15 | കെ.എസ്.എ.ടി.എസ്.ആർ (പി9)864/16 തിയ്യതി 01.06.16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ (പി9)1/2017 തിയ്യതി 30-01-2017 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ (പി6) 1370/2017<br>തീയതി, 28-11-2017/20-12-2017. |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും വേലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വേലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്നു ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം - 2

## ഓഡിറ്റ് സംക്ഷിപ്തം

| | സംക്ഷിപ്തം(AuditedAbstract) |
|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| 3 | ബാലൻസ് ഷീറ്റ് |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ